## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 19, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ-283]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : 3933 മുതൽ 4031 വരെ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : 4032 മുതൽ 4085 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 4086 മുതൽ 4166 വരെ |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : 4167 മുതൽ 4215 വരെ |

<u>വർക്കല മണ്ഡലത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം</u>

3933. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വർക്കല മണ്ഡലത്തിലെ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയത് ആകെ എത്ര രൂപയാണെന്നും വ്യക്തമാക്കാമോ?

<u>പട്ടികജാതി പദവി നൽകണമെന്ന ശിപാർശ</u>

3934. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി വളരെ അവശത അനുഭവിക്കുന്ന കുംഭാര സമുദായത്തിന് പട്ടികജാതി പദവി നൽകണമെന്ന് കിർത്താഡ്സ് ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ശിപാർശ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ആലുവ മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

3935. **ശ്രീ.അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലുവ മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും എത്ര പ്രവൃത്തികൾക്ക് അനുമതി നൽകി; അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഇരവിപുരം മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ

3936. **ശ്രീ.എം. നൗഷാദ് :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇരവിപുരം നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്നും ആയതിലേക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച് വിശദമാക്കാമോ?

അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

3937. **ശ്രീ.എം. മുകേഷ് :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജക മണ്ഡലത്തിലെ പനയം പഞ്ചായത്തിൽ വറട്ട്ചിറ കോളനിയിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ കീഴിൽ നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിലെ വ്യവസായ സംരംഭകർക്കുള്ള പ്രോത്സാഹനം

3938. **ശ്രീ.സി. ദിവാകരൻ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ.ജി.എസ്.ജയലാൽ**
**,, മുഹമ്മദ് മുഹസിൻ പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി - പട്ടികവർഗ്ഗത്തിലെ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) പട്ടികജാതി - പട്ടികവർഗ്ഗ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച 'സ്റ്റാർട്ടപ് ഡ്രീംസ്' പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) സംസ്ഥാന സ്റ്റാർട്ടപ് മിഷന് സ്റ്റാർട്ടപ് ഡ്രീംസിൽ എത്രത്തോളം പ്രവർത്തന പങ്കാളിത്തം ഉണ്ടെന്ന് വിശദമാക്കുമോ;

(ഡി) സ്റ്റാർട്ടപ് ഡ്രീംസ് പദ്ധതിയിൽ സംരംഭകരെ സാമ്പത്തിക സഹായം നൽകുന്നതിനായി തിരഞ്ഞെടുക്കുന്നത് എങ്ങനെയെന്നത് വിവരിക്കുമോ; എന്തൊക്കെ സഹായമാണ് നൽകിവരുന്നത്?

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഭവനരഹിതരെ കണ്ടെത്തുന്നതിന് സർവ്വേ</u>

3939. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും പ്രത്യേക ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; അതിനെക്കുറിച്ച് വിശദമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഭവനരഹിതരെ കണ്ടെത്തുന്നതിനുള്ള സർവ്വേകൾ പ്രത്യേകമായി നടത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) സ്വന്തമായി പട്ടയഭൂമിയില്ലാതെ വനത്തിലും പ്രാന്തപ്രദേശങ്ങളിലും താമസിക്കുന്ന ഗിരിവർഗ്ഗക്കാരുടെ സ്ഥിതിവിവരക്കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>വാത്സല്യനിധി പദ്ധതി ഡാറ്റാ എൻട്രി</u>

3940. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ നടപ്പാക്കുന്ന വാത്സല്യനിധി പദ്ധതി വിശദീകരിക്കാമോ;

(ബി) പദ്ധതിയുടെ വെബ് സൈറ്റ് നിരന്തരം തകരാറിലാവുകയും ഒരിക്കൽ ഡാറ്റാ എൻട്രി നടത്തിയതിന്റെ വിവരങ്ങൾ പിന്നീട് പരിശോധിക്കുമ്പോൾ അപ് ലോഡ് ചെയ്ത വിവരങ്ങൾ അല്ല കാണുന്നതെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>പട്ടികവിഭാഗക്കാർക്കുള്ള സമഗ്ര വികസന പദ്ധതികൾ</u>

3941. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി വികസനവകുപ്പ് എന്നിവ ധനസഹായം നൽകി പട്ടികവിഭാഗക്കാർക്ക് തങ്ങൾക്കിഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടെത്തി വാങ്ങി നൽകുവാനുള്ള പദ്ധതി പ്രകാരം എത്രപേർക്ക് ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഭൂമി വാങ്ങി നൽകി; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ പദ്ധതിയായ 'പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് സ്വന്തമായ ഒരു പഠനമുറി' പ്രകാരം എത്ര വീട്ടുകളിൽ പഠനമുറി ലഭ്യമാക്കി; ഇതിനായി എന്ത് തുക ചെലവാക്കി; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) നാൽപത് പട്ടികജാതി കുടുംബങ്ങളെങ്കിലുമുള്ള ഇരുന്നൂറ്റി എൺപത് സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായുള്ള അംബേദ്കർ ഗ്രാമ വികസന പദ്ധതി എത്ര സങ്കേതങ്ങളിൽ പൂർത്തീകരിച്ചുവെന്നും മുൻ സർക്കാർ ഉപേക്ഷിച്ച സങ്കേതങ്ങൾ എത്രയെന്നും അവയിലെ തുടർപ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

## പട്ടികജാതിയിൽപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം

3942. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതിയിൽപ്പെട്ട കുടുംബത്തിലെ ഏകവരുമാനദായകൻ മരണപ്പെട്ടാൽ അർഹരായ ആശ്രിതർക്ക് ധനസഹായം അമ്പതിനായിരം രൂപയിൽ നിന്ന് രണ്ട് ലക്ഷം രൂപയായി ഉയർത്തിയതിന് ശേഷം ഇരവിപുരം നിയോജകമണ്ഡലത്തിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## ചേലക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ റോഡ് സൗകര്യം

3943. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ പഴയന്നൂർ പട്ടികജാതി വികസന ആഫീസിന്റെ പരിധിയിലും വടക്കാഞ്ചേരി പട്ടികജാതി വികസന ആഫീസിന്റെ പരിധിയിലുമായി എത്ര കോളനികളിൽ മതിയായ റോഡ് സൗകര്യമില്ല എന്നു കാണിച്ച് കോളനി നിവാസികളുടെ അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ കോളനികളുടെ പേരുവിവരം വ്യക്തമാക്കാമോ;

(സി) ചേലക്കര നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ മതിയായ റോഡ് സൗകര്യം ഉണ്ടാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

## വാത്സല്യ നിധി പ്രകാരമുള്ള ആനുകൂല്യങ്ങൾ

3944. **ശ്രീ.മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൺകുട്ടികൾക്കുള്ള വാത്സല്യ നിധി ഇൻഷ്വറൻസ് പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ നിയോജകമണ്ഡലത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട അംഗങ്ങളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ അപേക്ഷകളിൽ എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം

3945. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ഇരവിപുരം മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി

3946. **ശ്രീ.എം. നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതി നടപ്പാക്കുന്ന കോളനികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## നെടുമങ്ങാട് മണ്ഡലത്തിൽ പട്ടികവിഭാഗത്തിന്റെ പ്രവൃത്തികൾ

3947. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

നൽകുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കുമോ?

## വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി

3948. ശ്രീ.അബ്ദുൽ ഹമീദ് പി.

,, വി.കെ.ഇബ്രാഹിം കുഞ്ഞ്

ഡോ.എം. കെ. മുനീർ

ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവകുപ്പ് എൽ.ഐ.സി.യുടെ സഹായത്തോടെ പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി വാത്സല്യനിധി എന്ന പേരിൽ ആരംഭിച്ച ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് പെൺകുട്ടിയുടെ രക്ഷിതാവിന് നിശ്ചയിച്ചിരിക്കുന്ന വാർഷിക വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രതിമാസം രക്ഷിതാവ് പ്രീമിയം തുക ഒടുക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രീമിയം തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) അർഹരായ മുഴുവൻ പെൺകുട്ടികളെയും ഈ പദ്ധതിക്ക് കീഴിൽ കൊണ്ടുവരുന്നതിനും പദ്ധതി വ്യാപകമാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

## പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ

3949. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികൾക്ക് വേണ്ടി എത്ര പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആണുള്ളത്; ഇവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും താമസസൗകര്യവും ഭക്ഷണവും മികച്ചതാക്കുന്നതിനും എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കുട്ടികളുടെ ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ ലാബുകളും മുറികളിൽ ഇന്റർനെറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഹോസ്റ്റലുകളിൽ ട്യൂട്ടർമാരെ നിയമിക്കുന്നതിനും പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതിക്കാരുടെ ചികിത്സയ്ക്കായി അനുവദിച്ച ഫണ്ട്

3950. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാരുടെ ചികിത്സയ്ക്കായി എത്ര ഫണ്ടാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നെന്മാറ നിയോജക മണ്ഡലത്തിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

പട്ടികജാതിക്കാർക്കായി ആരംഭിച്ച പുതിയ പദ്ധതികൾ

3951. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾക്കായി പുതിയതായി ആരംഭിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പട്ടികജാതിക്കാർക്കായുള്ള സ്റ്റാർട്ടപ്പ് പദ്ധതി

3952. ശ്രീ.മോൻസ് ജോസഫ്
,, പി.ജെ.ജോസഫ്
,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിൽ സംരംഭകത്വം വളർത്താനുള്ള സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിക്കായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ; ആയതിന് ഇൻകുബേഷൻ ആരംഭിച്ചിട്ടുണ്ടോ;

(സി) ഇൻകുബേഷൻ പരിശീലനത്തിനും ആക്സിലറേഷൻ പ്രോഗ്രാമിനും വേണ്ട തെരഞ്ഞെടുപ്പ് മാനദണ്ഡം വ്യക്തമാക്കാമോ; ഇവിടെ സ്വീകരിക്കാനുദ്ദേശിക്കുന്ന പരിശീലന പരിപാടിയെക്കുറിച്ച് വിശദീകരിക്കാമോ?

വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ വായ്പകൾ

3953. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ബാങ്കുകളിൽ നിന്നും എടുത്ത വായ്പ കുടിശ്ശികയായതിനെത്തുടർന്ന് വയനാട് ജില്ലയിൽ എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ ജപ്തിനടപടികൾ നേരിടുന്നുണ്ട്; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ജപ്തിനടപടികൾ നേരിടുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാർഷിക/തൊഴിൽ/വിദ്യാഭ്യാസ വായ്പകൾ എഴുതി തള്ളുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

## ഗോത്ര വാത്സല്യനിധി പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ

3954. ശ്രീ.കെ.എൻ.എ ഖാദർ

,, പാറക്കൽ അബ്ദുല്ല

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ഈ സർക്കാർ പ്രഖ്യാപിച്ച ഗോത്ര വാത്സല്യനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇത് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തിയായോ;

(ഡി) പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നുവെങ്കിൽ ആയതിന്റെ സാഹചര്യം വെളിപ്പെടുത്തുമോ?

## ഗോത്രസാരഥി പദ്ധതി

3955. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്രസാരഥി പദ്ധതിയുടെ കീഴിൽ നാളിതുവരെയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര സ്കൂളുകളിലായി എത്ര കുട്ടികൾക്ക് ആനുകൂല്യം ലഭിച്ചു; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(സി) നടപ്പുവർഷം ഏറനാട് മണ്ഡലത്തിൽ എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

## പട്ടികവർഗ്ഗ വകുപ്പ് നിർമ്മിച്ച് നൽകിയ വീടുകൾ

3956. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂണിന് ശേഷം പട്ടികവർഗ്ഗ വകുപ്പ് എത്ര വീടുകൾ നിർമ്മിച്ച് നൽകി;

(ബി) അതിനായി ഇതിനകം എന്ത് തുക ചെലവഴിച്ചു;

(സി) 2018-19, 2019-20 വർഷങ്ങളിൽ പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ?

<u>പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി</u>

3957. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി എന്ന പ്രഖ്യാപനം സർക്കാർ നടപ്പിൽ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗത്തിൽപെട്ട എത്ര പേർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകി ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

<u>പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സ സഹായങ്ങൾ</u>

3958. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ചെലവിന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയാണ് പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സക്കായി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് തൊഴിൽ</u>

3959. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര യുവതീ യുവാക്കൾക്കാണ് തൊഴിൽ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള എത്ര വിദ്യാർത്ഥികൾക്കാണ് ഉന്നതപഠനത്തിനായി സർക്കാർ സഹായം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

വന്യമൃഗസങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ

3960. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗസങ്കേതങ്ങളിൽ (ക്രിട്ടിക്കൽ വൈൽഡ് ലൈഫ് ഹാബിറ്റേറ്റ്) താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ വനാന്തരത്തിൽ നിന്നും പുനരധിവസിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികവർഗ്ഗക്കാർക്കായി ആരംഭിച്ച പുതിയ പദ്ധതികൾ

3961. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പുതിയതായി ആരംഭിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

അടിയന്തര ചികിത്സാ ധനസഹായം

3962. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി വിതരണം ചെയ്തിട്ടുള്ള തുകയുടെ വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) അടിയന്തരമായി തുക അനുവദിക്കപ്പെട്ടവർക്ക് അവ ലഭിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള ചികിത്സാ ധനസഹായം

3963. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന എത്രപേർക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; ആകെ എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടിക വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് വായ്പാ പദ്ധതി

3964. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വിവിധ പദ്ധതികളിലൂടെ കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ ലഭ്യത ഉറപ്പാക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടോ;

(ബി) ഇതിനായി നടപ്പിലാക്കുന്ന പരിശീലന പരിപാടികൾ എന്തൊക്കെയാണ്; ഇത് തൊഴിൽ സാധ്യതകൾ കൂട്ടുന്നതിന് സഹായകമായിട്ടുണ്ടോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് വിദേശങ്ങളിൽ തൊഴിൽ നേടുന്നതിന് ആവിഷ്ക്കരിച്ച വായ്പാ പദ്ധതിയുടെ വിശദാംശം നൽകുമോ; ഇതിനുള്ള മാനദണ്ഡം എന്താണ്;

(ഡി) 2019-ൽ എത്രപേർക്ക് ഈ പദ്ധതി പ്രകാരം വായ്പ ലഭ്യമാക്കി; വിശദമാക്കാമോ?

ഭൂരഹിതരായ പട്ടിക വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി

3965. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019- 20 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എത്രപേർ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചു എന്നും അവരിൽ എത്ര പേർക്ക് ഭൂമി അനുവദിച്ചുവെന്നും അറിയിക്കുമോ;

(ബി) ഇതിലേക്കായി പ്രസ്തുത സാമ്പത്തിക വർഷം എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഭൂരഹിതരായ പട്ടിക വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി

3966. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 -20 സാമ്പത്തികവർഷത്തിൽ പിറവം നിയോജക മണ്ഡലത്തിൽ ഭൂരഹിതരായ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്രപേർ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചുവെന്നും അതിൽ എത്ര പേർക്ക് ഭൂമി അനുവദിച്ചുവെന്നുമുള്ള വിവരം മുനിസിപ്പാലിറ്റി /പഞ്ചായത്ത് അടിസ്ഥാനത്തിൽ

ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ഭൂമി നൽകുന്നതിലേക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം മുനിസിപ്പാലിറ്റി /പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

<u>ഭൂരഹിതരായ ഗിരിവർഗക്കാരുടെ പുനരധിവാസം</u>

3967. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭൂരഹിതരായ ഗിരിവർഗക്കാരുടെ പുനരധിവാസം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഓരോ വർഷവും എത്ര തുകയാണ് ആയതിലേയ്ക്കായി വകയിരുത്തിയിരിക്കുന്നതെന്നും ഓരോ വർഷവും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ഇവർക്കായി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളാണെന്ന് ജില്ല തിരിച്ച് വിശദാംശം നൽകാമോ?

<u>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി</u>

3968. ശ്രീ.വി.ഡി.സതീശൻ
ശ്രീമതിഷാനിമോൾ ഉസ്മാൻ
ശ്രീ.ടി.ജെ. വിനോദ്
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലക്ക് വാങ്ങി നൽകുന്ന പദ്ധതി ആവിഷ്കരിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും വേണ്ടത്ര പുരോഗതി ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഒരേക്കർ ഭൂമി എത്രപേർക്ക് വാങ്ങി നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇതിനകം എത്ര പേർക്ക് ഭൂമി നൽകി;

(സി) ഇവർക്കായി ഭൂമി വിലക്ക് വാങ്ങുന്നതിന് ഉള്ള നടപടി ക്രമം എന്താണ്; ഭൂമി നൽകുവാൻ തയ്യാറായ പലരുടെയും ഭൂമി വാസയോഗ്യമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇതിനകം ജില്ലാതല സ്ക്രൂട്ടിനിംഗ് കമ്മിറ്റി പരിശോധിച്ച് ഭൂമിയുടെ അനുയോജ്യത ഉറപ്പുവരുത്തി എത്ര ഏക്കർ സ്ഥലം വിലയ്ക്ക് വാങ്ങി.; ഇതിനായി എന്ത് തുക ചെലവഴിച്ചു;

(ഇ) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ആശിക്കും ഭൂമി പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകി; അതിനായി എന്ത് തുക ചെലവഴിച്ചു; വിശദമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിലെ ഭൂരഹിത ഭവനരഹിതർ

3969. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഭൂരഹിത/ഭവനരഹിത പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റ് പ്രത്യേകം വേർതിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സ്ഥലം വാങ്ങി വീട് വച്ച് നൽകുന്നതിനുള്ള എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വിശദീകരിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിലെ പൂർത്തീകരിക്കാത്ത ഭവനങ്ങൾ

3970. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം പദ്ധതി പ്രകാരം എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ബി) നാളിതുവരെ ഈ സർക്കാർ എത്ര ഭവനങ്ങൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്; ഇനി എത്ര എണ്ണം പൂർത്തീകരിക്കാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തുണ്ടായ പ്രളയത്തിലും കാലവർഷക്കെടുതിയിലും തകർന്ന വീടുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി പട്ടികവർഗ്ഗവികസന വകുപ്പിന് കീഴിൽ എത്ര ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ഡി) ഇനി എത്ര ഭവനങ്ങൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനി എത്ര തുക ഈ പദ്ധതിക്കായി കണക്കാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ആനക്കയം ട്രൈബൽ കോളനിയിലെ കുടുംബങ്ങൾക്ക് വാസസ്ഥലം

3971. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തോടനുബന്ധിച്ചുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് അതിരപ്പിള്ളി പഞ്ചായത്തിലെ ആനക്കയം ട്രൈബൽ കോളനിയിൽ നിന്നും മാറി താമസിച്ചുവരുന്ന ഇരുപത്തിമൂന്ന് കുടുംബങ്ങൾക്ക് പുതിയ വാസസ്ഥലം കണ്ടെത്തി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഒരു കോടി രൂപയുടെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം-വികസന പദ്ധതിയിൽ ഉൾപ്പെട്ട ആനക്കയം കോളനിയിൽ ജനങ്ങൾ ഉരുൾപൊട്ടൽ ഭീഷണിയെ തുടർന്ന് മാറി താമസിക്കുന്നതിനാൽ

പ്രസ്തുത പദ്ധതി വാച്ചുമരം കോളനിയിലേയ്ക്ക് മാറ്റി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കായംകുളം മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം

3972. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി കോളനികളുടെ നവീകരണവുമായി ബന്ധപ്പെട്ട് കായംകുളം അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ട ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ പുത്തൻപുരക്കൽ കോളനി, കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ മാലയ്ക്കൽ കോളനി എന്നിവിടങ്ങളിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

അംബേദ്കർ ഗ്രാമം കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം

3973. ശ്രീ.വി.എസ്.ശിവകുമാർ

,, എ.പി. അനിൽ കുമാർ

,, അന്വർ ജേക്കബ്

,, ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കിയെന്ന് അറിയിക്കാമോ;

(ബി) കോളനികളിൽ ഉണ്ടായിരിക്കേണ്ട കുടുംബങ്ങളുടെ എണ്ണം നാൽപ്പതിൽ നിന്നും മുപ്പതായി കുറച്ചതിന് ശേഷം പുതുതായി എത്ര കോളനികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവ എതൊക്കെയെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സുതാര്യവും അഴിമതിരഹിതവും ആയി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഏതെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

3974. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിക്ക് വേണ്ടി അനുവദിച്ച തുകയിൽ നിന്ന് ഒരു വിഹിതം 2019 മാർച്ച് മാസത്തിൽ സർക്കാർ തിരിച്ചെടുത്തിരുന്നോ. ഉണ്ടെങ്കിൽ എത്ര രൂപയാണ് തിരിച്ചെടുത്തത്;

(ബി) ഇത്തരത്തിൽ തിരിച്ചെടുത്ത തുക സർക്കാർ ബന്ധപ്പെട്ട പദ്ധതിക്ക് വേണ്ടി മടക്കി നൽകിയിട്ടുണ്ടോ. ഉണ്ടെങ്കിൽ എത്ര രൂപയാണ് മടക്കി നൽകിയത്;

(സി) മടക്കി നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; ഇത്തരത്തിൽ ഇനി എത്ര രൂപ മടക്കി നൽകാനുണ്ടെന്നും എന്നത്തേക്ക് നൽകുമെന്നും അറിയിക്കാമോ?

<u>കോളനികളിലേക്കുള്ള റോഡുകളുടെ നിലവാരം</u>

3975. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് 2019-20 സാമ്പത്തിക വർഷം ഏന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>പട്ടിക വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ</u>

3976. ശ്രീ.മഞ്ഞളാംകുഴി അലി

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളിൽ ഈ സർക്കാരിന്റെ കാലത്തുണ്ടായ വ്യതിയാനം ഏത് രീതിയിലാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പുകൾ മുഖേന എന്തെല്ലാം സഹായങ്ങളാണ് അതിക്രമങ്ങൾക്ക് ഇരയായവർക്ക് നൽകി വരുന്നതെന്ന് അറിയിക്കുമോ?

<u>പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനം</u>

3977. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ഇന്ത്യയിൽ ലഭ്യമല്ലാത്ത ബിരുദാനന്തര ബിരുദ കോഴ്സുകൾ വിദേശത്തെ ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് ഇതുവരെ അവസരം ലഭിച്ചിട്ടുണ്ട്; ഇതുവരെ ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>വർക്കല മണ്ഡലത്തിലെ പഠനമുറി പദ്ധതി</u>

3978. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം വർക്കല മണ്ഡലത്തിൽ എത്ര പഠനമുറികൾ നിർമ്മിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ആയതിലേയ്ക്ക് ലഭ്യമായ അപേക്ഷകളിൽ മുഴുവൻ പേർക്കും പഠനമുറി നിർമ്മിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർക്ക് ഇനി നൽകുവാനുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>പാലക്കാട് ജില്ലയിലെ പഠനമുറി പദ്ധതി</u>

3979. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ പഠനസൗകര്യം കുറവുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ എത്ര വീടുകളിൽ പഠനമുറി നിർമ്മിച്ച് നൽകുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഇപ്രകാരം നിർമ്മിക്കുന്ന പഠനമുറികളുടെ വിശദവിവരം ലഭ്യമാക്കാമോ?

<u>പട്ടികജാതി ഹോസ്റ്റലുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധന</u>

3980. ശ്രീമതിഷാനിമോൾ ഉസ്മാൻ
ശ്രീ.എം. വിൻസെന്റ്
,, ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ഹോസ്റ്റലുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ എന്തൊക്കെയായിരുന്നു;

(ബി) പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

പട്ടികജാതി വിദ്യാർത്ഥികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

3981. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ ക്ഷേമത്തിനും ഉന്നത വിദ്യാഭ്യാസത്തിനും സഹായകമായ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇതിലൂടെ വിദ്യാർത്ഥികൾ കൈവരിച്ച നേട്ടങ്ങൾ അറിയിക്കുമോ?

പട്ടികജാതി ഗോത്രവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനായുള്ള പദ്ധതികൾ

3982. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമായി ഗോത്രരശ്മി,ഗോത്രബന്ധു,ഗോത്രസാരഥി എന്നീ പേരുകളിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്നും അതിലൂടെ പട്ടികഗോത്രവിഭാഗങ്ങൾക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതികൾക്കായി 2019-20 വർഷത്തിൽ എത്ര തുക ചെലവഴിച്ചു; ഇതിനായി എത്ര തുകയാണ് ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം

3983. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക ഏതെല്ലാം പദ്ധതികളിലായി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

3984. ശ്രീ.സി. ദിവാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ എത്ര എം.ആർ.എസുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് പദ്ധതി</u>

3985. ശ്രീ.ബി.ഡി. ദേവസ്സി

,, പി.വി. അൻവർ

,, കെ. ആൻസലൻ

,, യു. ആർ. പ്രദീപ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം സ്കോളർഷിപ്പുകളും ഗ്രാന്റുകളുമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും പ്രവർത്തനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി അവർക്ക് ട്യൂഷൻ നൽകുന്നതിന് ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ എത്തിച്ചേരുവാൻ ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് നടപ്പിലാക്കിയ ഗോത്രസാരഥി പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

<u>പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ</u>

3986. ശ്രീ.എം. സ്വരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ക്ഷേമത്തിനും ഉന്നതവിദ്യാഭ്യാസത്തിനുമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന വിശദാംശം അറിയിക്കുമോ;

(ബി) ഇതിലൂടെ വിദ്യാർത്ഥികൾ കൈവരിച്ച നേട്ടങ്ങൾ അറിയിക്കുമോ?

## പട്ടികജാതിക്കാർക്ക് ഉന്നത നിലവാരമുള്ള വിദ്യാഭ്യാസത്തിന് പദ്ധതികൾ

3987. ശ്രീ.പുരുഷൻ കടലുണ്ടി

,, കെ.ജെ. മാക്സി

,, ബി.സത്യൻ

,, പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ തുക ഈ സർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പട്ടികവിഭാഗക്കാർക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട അവകാശങ്ങൾ

3988. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒൻപത്, പത്ത് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് വരുമാനപരിധി ബാധകമാക്കി ഉത്തരവ് നിലവിലുണ്ടോ;

(ബി) പട്ടികജാതിക്കാർക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട അവകാശങ്ങൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ അപാകത പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പട്ടികജാതി വിഭാഗത്തിലെ ഒൻപത്,പത്ത് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വരുമാന പരിധി ബാധകമല്ലാതെ സ്കോളർഷിപ്പ് ലഭിക്കുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

## മംഗലം ഐ.ടി.ഐ.യിലെ പുതിയ കോഴ്സുകൾ

3989. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയ ശേഷം ആലത്തൂർ താലൂക്കിൽ പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള മംഗലം ഐ.ടി.ഐ.യിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ ഐ.ടി.ഐ.യിൽ ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

<u>മാടായി ഐ.ടി.ഐ കെട്ടിട നിർമ്മാണം</u>

3990. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മാടായി ഐ.ടി.ഐ-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച 310 ലക്ഷം രൂപയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ബി) ഈ സ്ഥാപനത്തിൽ ഉദ്ഘാടനം ചെയ്ത ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) അവിടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>വരവൂർ ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ</u>

3991. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകിപ്പിനുകീഴിലുള്ള ചേലക്കര നിയോജകമണ്ഡലത്തിലെ വരവൂർ ഐ.ടി.ഐ.-യുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം കാര്യങ്ങൾ ചെയ്തുതീർത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നിലവിൽ ഇവിടെ എന്തെല്ലാം ട്രേഡുകളിലാണ് കുട്ടികൾ പഠിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ ട്രേഡുകൾ അനുവദിക്കുന്നതിനായി പ്രിൻസിപ്പാളിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതു പരിഗണിച്ച് കൂടുതൽ ട്രേഡുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>വർക്കല ഐ.ടി.ഐ. വികസന പ്രവർത്തനങ്ങൾ</u>

3992. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പട്ടികജാതി ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വർക്കല ഐ.ടി.ഐ.യിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>പട്ടികജാതി വകുപ്പിന്റെ കീഴിലെ ഐ.റ്റി.ഐ.കളുടെ നിലവാരം</u>

3993. **ശ്രീ.എ.പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.കളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഐ.റ്റി.ഐ. കളിൽ പഠനം പൂർത്തിയാക്കുന്നവർക്ക് ജോബ് ഫെയറിലൂടെ ജോലി ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ 2019-ൽ എത്രപേർക്ക് ഇതു പ്രകാരം ജോലി ലഭിച്ചുവെന്ന് അറിയിക്കുമോ?

<u>പട്ടിക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിവര സാങ്കേതിക വിദ്യാരംഗത്ത് പരിശീലനം</u>

3994. **ശ്രീ.കെ.എൻ.എ ഖാദർ**

**,, പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവര സാങ്കേതിക, വിനിമയ വിദ്യാരംഗങ്ങളിൽ ആവശ്യമായ പരിശീലനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഇപ്രകാരം നൽകിയ പരിശീലനങ്ങളും കോഴ്സുകളും പൂർത്തിയാക്കിയ എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടത്തിയ കോഴ്സുകൾ</u>

3995. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന കേരള വെറ്ററിനറി അനിമൽ സയൻസ് സർവ്വകലാശാല നടത്തിയ അനിമൽ ഹാൻഡ്ലിംഗ് ഇൻ സൂ & ഫോറസ്റ്റ് കോഴ്സ് പഠിച്ചിറങ്ങിയ മുപ്പതോളം

വിദ്യാർത്ഥികൾക്ക് രണ്ട് വർഷമായിട്ടും തൊഴിലൊന്നും ലഭിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് ജോലി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ഇവരെ പരിഗണിക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ആയതിന് കാരണം വ്യക്തമാക്കാമോ?

<u>പട്ടികവിഭാഗത്തിലെ യുവാക്കൾക്ക് നവസംരംഭങ്ങൾക്കായി പദ്ധതി</u>

3996. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഇതിന് ധനസഹായം ഉൾപ്പെടെ മറ്റെന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും ആയവ കാലോചിതമായ മാറ്റങ്ങളോടെ വിപണിയിലെത്തിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ?

<u>പട്ടികജാതിക്കാർക്ക് വിദേശത്ത് ജോലി ലഭ്യമാക്കുവാൻ പദ്ധതി</u>

3997. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശത്ത് ജോലി ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതി പ്രകാരം എത്രപേർക്ക് ഇതിനകം വിദേശത്ത് ജോലി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>പട്ടികജാതി വകുപ്പിലെ കുക്ക് നിയമനം</u>

3998. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിൽ കുക്ക് തസ്തികയിലെ നിയമനം പി.എസ്.സി. വഴിയാണോ;

(ബി) എസ്.സി. ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിൽ കുക്കിന്റെ റാങ്ക് ലിസ്റ്റ് (തിരുവനന്തപുരം) നിലവിൽ ഉള്ളപ്പോൾ കരാർ നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്.സി. ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിലെ കുക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്ന 2017 ഒക്ടോബർ മുതൽ 2020 ഫെബ്രുവരി വരെ എത്ര കുക്കിന്റെ റിട്ടയർമെന്റ് നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇരുപത്തഞ്ച് ശതമാനം പാർട്ട് ടൈം സ്വീപ്പർമാർക്ക് മാറ്റിവച്ചിട്ടുള്ളതിൽ ക്വാളിഫിക്കേഷൻ ഉള്ള ആളില്ല എങ്കിൽ ആ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) എസ്.സി. ഡിപ്പാർട്ട്മെന്റിൽ എത്ര പെർമനന്റ് കുക്ക് ഉണ്ട്; എത്ര പെർമനന്റ് കുക്കിന്റെ ഒഴിവ് ഉണ്ട്; വ്യക്തമാക്കാമോ?

വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരമുള്ള ജോലി

3999. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുകളിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുമ്പോൾ ഇവർക്ക് നിയമനം നൽകിയ ജില്ലകളിൽ സ്ഥാനമൊഴിഞ്ഞുകിടക്കുകയും തൽഫലമായി അവിടങ്ങളിൽ പ്രയാസമുണ്ടാകുകയും ചെയ്യുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർക്കിംഗ് അറേഞ്ച്മെന്റിന് അനുവാദം കൊടുക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ;

(ഡി) വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ അംഗൻവാടികൾ

4000. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കിന്റർഗാർഡൻ അംഗൻവാടികളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ശമ്പളം പരിഷ്കരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് ആകെ എത്ര ജീവനക്കാരാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

മഞ്ചേരി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പദ്ധതികൾ

4001. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) പുതിയ സാമ്പത്തിക വർഷം പ്രസ്തുത ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

<u>ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് വീട്</u>

4002. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ആദിവാസി വിഭാഗങ്ങൾക്ക് നൽകിയ വീടുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് നൽകുമോ?

<u>കിർത്താഡ്സിലെ നിയമനങ്ങൾ</u>

4003. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിർത്താഡ്സിലെ അഴിമതി, അനധികൃത നിയമനങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) 2016 ജനുവരി മുതൽ നടന്ന മുഴുവൻ നിയമനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ; ഇതിൽ ഡെപ്യൂട്ടേഷൻ, കോൺട്രാക്ട്, ദിവസവേതന വ്യവസ്ഥ എന്നിവ വഴി എത്ര പേർ നിയമിതരായി എന്നറിയിക്കാമോ;

(സി) കിർത്താഡ്സിൽ പി.എസ്.സി. വഴി നിയമിതരായ എത്ര പേർ ജോലി നോക്കുന്നു;

(ഡി) കിർത്താഡ്സിലെ നിയമനങ്ങൾ സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ എന്തെങ്കിലും നോട്ടീസ് സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) നിയമനങ്ങളുമായി ബന്ധപ്പെട്ട ഫയലിന്റെ മുഴുവൻ പകർപ്പ് ലഭ്യമാക്കുമോ?

<u>ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ</u>

4004. ശ്രീ.കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തികവർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ (പ്ലാൻ/നോൺപ്ലാൻ) എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി വകയിരുത്തിയിരുന്ന തുകയും ഓരോ ഇനത്തിലും 31.01.2020 വരെ ചെലവഴിച്ച തുകയും വെളിപ്പെടുത്തുമോ; പ്രതീക്ഷിച്ചപ്രകാരം ചെലവ് വന്നിട്ടില്ലെങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>മണലൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

4005. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ നിലവിലുള്ള പട്ടികജാതി കോളനികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അവയിൽ ഓരോന്നിലും താമസിക്കുന്ന പട്ടികജാതി വിഭാഗക്കാരുടെ വീടുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി വകുപ്പ് മുഖേന ഈ കോളനികളിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

<u>പാലക്കാട് ജില്ലയിലെ ആദിവാസി, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ</u>

4006. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ആദിവാസി, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്രപേർ താമസിക്കുന്നുണ്ടെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

<u>വെള്ളറടയിലെ ആദിവാസി കുടുംബങ്ങളുടെ ക്ഷേമത്തിനായി നടപടി</u>

4007. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഒന്നരവർഷം മുമ്പ് നിർമ്മാണം തുടങ്ങിയ വെള്ളറടയിലെ 27 ആദിവാസി കുടുംബങ്ങൾക്കുള്ള വീടുകൾ ഇനിയും പൂർത്തിയാകാതെ പാതിവഴിയിൽ നിൽക്കുന്നതായ റിപ്പോർട്ടുകൾ

പരിശോധിക്കുക ഉണ്ടായോ;

(ബി) നിലവിലെ വീടുകൾ പൊളിച്ചുമാറ്റിയാലേ പദ്ധതിയിൽ ഉൾപ്പെടുകയുള്ളൂ എന്ന നിബന്ധന വന്നതോടെ ഉള്ള കുടിലുകൾ പൊളിച്ചുമാറ്റിയ ഇവർ താൽക്കാലിക ഷെഡ്ഡുകളിൽ ദുരിത ജീവിതം നയിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ താൽക്കാലികമായി നിർമ്മിച്ച റോഡുകൾ കഴിഞ്ഞ മഴക്കാലത്ത് ഒലിച്ചുപോയതും പന്നികൾ, കുരങ്ങൻമാർ, പാമ്പുകൾ തുടങ്ങിയ വന്യജീവികൾ തദ്ദേശീയരെ നിരന്തരം ആക്രമിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സമയബന്ധിതമായി ഈ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനും ദുരിതജീവിതത്തിന് അറുതി വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

## കൊല്ലങ്കോട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന് കെട്ടിടം

4008. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ കൊല്ലങ്കോട് ബ്ലോക്ക് പരിധിയിൽ പ്രവർത്തിക്കുന്ന കൊല്ലങ്കോട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം ഇല്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

## മഞ്ചേരിയിലെ അംബേദ്കർ ഗ്രാമം പദ്ധതി

4009. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര തുക വീതമാണ് ഓരോ കോളനിക്കും അനുവദിച്ചതെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) ഓരോ അംബേദ്കർ ഗ്രാമത്തിലും എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ?

പിന്നോക്ക സമുദായ വികസന വകുപ്പ് വഴി നിയമ ബിരുദധാരികൾക്ക് നൽകുന്ന ധനസഹായം

4010. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വികസന വകുപ്പ് സാമൂഹ്യനീതി ലക്ഷ്യമാക്കി നടപ്പിലാക്കിയ വിവിധ സ്കീമുകളിൽ ഒന്നായ അഭിഭാഷക കൗൺസിലിൽ എൻട്രോൾ ചെയ്ത നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പ്രതിവർഷം 12000/- രൂപാ വീതം 3 വർഷത്തേക്ക് നൽകുന്ന ധനസഹായം സംസ്ഥാനത്ത് എത്രപേർക്ക് നൽകി വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2018-19, 2019-20 വർഷങ്ങളിൽ ഈ ഇനത്തിൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഓഫീസുകൾ

4011. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ (കെ.എസ്.ബി.സി.ഡി.സി) എത്ര ഓഫീസുകൾ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പ്രവർത്തിക്കുന്ന ഉപജില്ലാ ഓഫീസ് സ്വകാര്യ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്നും ഓഫീസ് സൗകര്യങ്ങൾക്ക് പ്രതിമാസം വാടകയിനത്തിൽ നൽകുന്ന തുക എത്രയെന്നും അറിയിക്കാമോ;

(സി) നിലമ്പൂർ താലൂക്ക് ഓഫീസിനടുത്ത് നിർമ്മാണം പൂർത്തീകരിച്ച നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ പ്രസ്തുത കോർപ്പറേഷന്റെ സബ് ജില്ലാ ഓഫീസിന് സ്ഥലം ലഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കോർപ്പറേഷന്റെ ഉപജില്ലാ ഓഫീസുകൾ വഴി പിന്നോക്ക വിഭാഗങ്ങൾക്ക് നൽകി വരുന്ന സേവനങ്ങളും പദ്ധതികളും എന്തെല്ലാമെന്ന് വിശദമാക്കാമോ; ഏതെങ്കിലും വായ്പകൾ താൽക്കാലികമായി നിർത്തിയിട്ടുണ്ടോ; അറിയിക്കാമോ?

പിന്നോക്ക വികസന കോർപ്പറേഷനിലെ താത്ക്കാലിക ജീവനക്കാർ

4012. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ താത്ക്കാലിക ഡ്രൈവർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷനിൽ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയെന്ന് അറിയിക്കുമോ;

(സി) ഈ കോർപ്പറേഷനിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>പേരാമ്പ്ര പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വായ്പ</u>

4013. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി മുതൽ പേരാമ്പ്ര പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ വിവിധ ആവശ്യങ്ങൾക്കുള്ള വായ്പയ്ക്കായി എത്ര അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര അപേക്ഷകളിൽ വായ്പ അനുവദിച്ചിട്ടുണ്ട്;

(സി) ഈ സ്ഥാപനത്തിൽ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച ചന്ദ്രൻ എടത്തിൽ, എടച്ചേരി നോർത്ത് എന്നയാളുടെ അപേക്ഷ സ്വീകരിച്ച തീയതിയും അപേക്ഷ നിരസിച്ച തീയതിയും കാരണവും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വായ്പ അപേക്ഷയുമായി ബന്ധപ്പെട്ട് എത്ര രൂപ ഈ സ്ഥാപനം വാങ്ങിയിട്ടുണ്ട്; ആയതിന്റെ രസീത് നമ്പർ ലഭ്യമാക്കാമോ;

(ഇ) കൂലിപ്പണിക്കാരും സാധാരണക്കാരുമായ ആളുകളെ വായ്പ സംബന്ധിക്കുന്ന ഡോക്യുമെന്റുകൾ പല ഘട്ടങ്ങളിലായി ആവശ്യപ്പെട്ട് മടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഇ-ഗ്രാന്റ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം</u>

4014. ശ്രീ.ടി.എ.അഹമ്മദ് കബീർ

**,,** കെ.എൻ.എ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷം ഇ-ഗ്രാന്റ് മുഖേന വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷിച്ച ജനറൽ, ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എയ്ഡഡ് കോളേജുകൾ ഫീസ് നിരക്കുകളിൽ തന്നെ മെറിറ്റ്, കമ്മ്യൂണിറ്റി മെറിറ്റ് തുടങ്ങിയവയും സ്വാശ്രയകോഴ്സുകളിൽ ജനറൽ, സ്പോർട്സ് ക്വാട്ട എന്നിങ്ങനെയുള്ള പലവിധ ക്ലെയിമുകളും അനുവദിക്കുന്നതിന് വകുപ്പിന്റെ ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ആനുകൂല്യത്തിന് അർഹരായ നിരവധി ഒ.ബി.സി, ജനറൽ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റിന് അപേക്ഷിക്കാൻ സാധിക്കാത്തതിനാൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽ അന്യത്ര സേവനം

4015. **പ്രൊഫ.കെ.യു. അരുണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽ എത്ര പുതിയ തസ്തികകളാണ് നാളിതുവരെ സൃഷ്ടിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ അന്യത്ര സേവനം മുഖേന എത്ര ആളുകളാണ് സേവനം അനുഷ്ഠിക്കുന്നത്; തസ്തിക തിരിച്ച് എണ്ണം ലഭ്യമാക്കാമോ?

## പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ

4016. **പ്രൊഫ.കെ.യു. അരുണൻ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ മുഖേന ഈ സർക്കാരിന്റെ കാലത്ത് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## നോട്ടറി അഭിഭാഷകർക്ക് സാക്ഷ്യപ്പെടുത്തലുകൾക്കായി വാങ്ങാവുന്ന ഫീ

4017. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര / സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകൾ പ്രകാരം നോട്ടറി ആയി ചുമതല വഹിക്കുന്ന അഭിഭാഷകർക്ക് സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നതിന് ഓരോ ഇനത്തിലും വാങ്ങാവുന്ന ഫീ എത്ര വീതമാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പതിക്കുന്ന സ്റ്റാമ്പ് ഉൾപ്പെടെ വാങ്ങാവുന്ന ഫീ എത്രവീതമാണെന്ന് വിശദമാക്കാമോ?

## സാംസ്കാരിക നിലയങ്ങളും സ്മാരകങ്ങളും

4018. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സാംസ്കാരിക നിലയങ്ങളും സ്മാരകങ്ങളും നിർമ്മിക്കാനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്രയെണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി

തുറന്നുകൊടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ; മറ്റുള്ളവയുടെ പ്രവർത്തന പുരോഗതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>അവശ കലാകാരൻമാർക്ക് പെൻഷൻ</u>

4019. **ശ്രീ.എം. സ്വരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ കലാകാരൻമാർക്ക് പെൻഷൻ / ധനസഹായം ലഭിക്കുന്നതിന് സഹായകമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇത്തരത്തിൽ സഹായം ലഭിക്കേണ്ടതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

<u>കലാകാരന്മാരുടെ ക്ഷേമത്തിനു നടപടി</u>

4020. **ശ്രീ.അബ്ദുൽ ഹമീദ് പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി സാംസ്കാരിക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ബോർഡ് കലാകാരന്മാർക്ക് പെൻഷൻ നൽകി വരുന്നുണ്ടോ; കലാകാര പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്കാണ് പുതുതായി കലാകാര പെൻഷൻ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>നെല്ലനാട്, കല്ലറ ഗ്രാമപഞ്ചായത്തുകളിൽ 'നാട്ടരങ്ങ്' പദ്ധതി</u>

4021. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട്, കല്ലറ ഗ്രാമ പഞ്ചായത്തുകളിൽ 'നാട്ടരങ്ങ്' പദ്ധതി നടപ്പിലാക്കണമെന്ന ശുപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) ഇതിനായി ശുപാർശ ചെയ്യപ്പെട്ട സ്ഥലങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകുമോ?

## സാംസ്കാരിക വകുപ്പ് വജ്ര ജൂബിലി ഫെല്ലോഷിപ്പ്

4022. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് ആരംഭിച്ച വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) വാമനപുരം, നെടുമങ്ങാട് ബ്ലോക്കുകളിലെ ഫെല്ലോഷിപ്പ് നേടിയ കലാകാരൻമാരുടെ വിശദവിവരങ്ങൾ നൽകാമോ;

(സി) പ്രസ്തുത ബ്ലോക്കുകളിൽ ഈ കലാകാരന്മാരെ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത കലാകാരൻമാർക്ക് നൽകുന്ന സാമ്പത്തിക ആനുകൂല്യങ്ങളുടെ വിശദവിവരങ്ങൾ നൽകാമോ?

## കാവുമ്പായി മ്യൂസിയം

4023. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21ലെ ബജറ്റിൽ പ്രഖ്യാപിച്ച കാവുമ്പായി മ്യൂസിയം സാംസ്കാരിക വകുപ്പിന്റെ കീഴിലാണോ ആരംഭിക്കുന്നത്;

(ബി) എങ്കിൽ എവിടെയാണ് മ്യൂസിയം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## മാനന്തവാടി ആർട്ട് ഗാലറി

4024. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ആർട്ട് ഗാലറിയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും മാനന്തവാടി ആർട്ട് ഗാലറിക്ക് ഇല്ലാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൂടുതൽ ജനകീയമായി മാനന്തവാടി ആർട്ട് ഗാലറിയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മഞ്ചേരിയിലെ പൂന്താനം സാംസ്കാരിക സ്ഥാപനത്തിന്റെ വികസനം

4025. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ പൂന്താനം സാംസ്കാരിക സ്ഥാപനത്തിന്റെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനായി ബജറ്റിൽ ഗ്രാന്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സാംസ്കാരിക കേന്ദ്രത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഒറ്റപ്പാലത്ത് സ്ഥാപിക്കുന്ന മൾട്ടിപ്ലക്സ് തീയേറ്റർ സമുച്ചയം

4026. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലത്ത് സ്ഥാപിക്കുന്ന മൾട്ടിപ്ലക്സ് തീയേറ്റർ സമുച്ചയത്തിന്റെ ഡി.പി.ആർ എന്നാണ് തയ്യാറാക്കിയതെന്ന് അറിയിക്കുമോ; ആയതിന് എത്ര തുക വേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയ്ക്ക് കിഫ്ബിയുടെ അംഗീകാരം നേടുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഒറ്റപ്പാലത്തെ സാസ്കാരികനിലയത്തിന്റെ നിർമ്മാണം

4027. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത്, സാംസ്കാരിക വകുപ്പിന്റെ അനുമതിയോടെ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ സാസ്കാരികനിലയം സ്ഥാപിക്കുന്നതിനായി 5,38,70,118/- രൂപ അനുവദിച്ച് നൽകിയ പദ്ധതിയുടെ ഭരണാനുമതി ധനകാര്യവകുപ്പ് റദ്ദാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് സാംസ്കാരിക വകുപ്പിന്റെ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

## കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയം

4028. ശ്രീമതി യു. പ്രതിഭ **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിൽ കായംകുളം കൃഷ്ണപുരത്ത് പ്രവർത്തിച്ചുവരുന്ന കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയത്തിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് ഇവിടെ പ്രദർശിപ്പിച്ചിട്ടുള്ള കാർട്ടൂണുകൾ, ഓണാട്ടുകരയുടെ പൈതൃകം, അനുഷ്ഠാന കലകൾ എന്നിവയെക്കുറിച്ചും ഇവിടുത്തെ സാമൂഹിക-സംസ്കാരിക മേഖലയിൽ പ്രവർത്തിച്ച മഹാരഥൻമാരെക്കുറിച്ചും പരിചയപ്പെടുത്തുന്നതിനുവേണ്ടി പരിചയ സമ്പന്നരായ ജീവനക്കാരെയും ആഡിയോ വിഷ്വൽ ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കഥകളി ആചാര്യൻ പട്ടിക്കാംതൊടി രാവുണ്ണി മേനോന്റെ സ്മാരകം

4029. ശ്രീ.പി.കെ. ശശി **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴിയിൽ പ്രശസ്ത കഥകളി ആചാര്യൻ ശ്രീ പട്ടിക്കാംതൊടി രാവുണ്ണി മേനോന്റെ സ്മാരകം നിർമ്മിക്കുന്നതിനായി 14.03.2018ലെ 149/2018 എന്ന സർക്കാർ ഉത്തരവ് പ്രകാരം പത്ത് ലക്ഷം രൂപ അനുവദിക്കുകയും ആയത് മുഴുവനായും വിനിയോഗിക്കുകയും ചെയ്തതിനാൽ ഈ പ്രവൃത്തിയുടെ രണ്ടാം ഘട്ടം എന്ന നിലയ്ക്ക് കൂടുതൽ തുക വകയിരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## എം.എൽ.എ. മാരുടെ നിവേദനങ്ങളിൽ നടപടി

4030. ശ്രീ.അബ്ദുൽ ഹമീദ് പി. **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ നിവേദനങ്ങളിലും എം.എൽ.എ. മാരുടെ കവറിംഗ് ലെറ്റർ സഹിതം ഉള്ള നിവേദനങ്ങളിലും ഗവൺമെന്റ് സെക്രട്ടറിമാരും വകുപ്പദ്ധ്യക്ഷന്മാരും എം.എൽ.എ. മാർക്ക് കൈപ്പറ്റ രസീതോ, കൈപ്പറ്റിയതായുള്ള കത്തോ നൽകാറുണ്ടോ എന്നറിയിക്കുമോ;

(ബി) പ്രസ്തുത നിവേദനങ്ങളിൽ തീർപ്പ് ആവുമ്പോൾ പ്രസ്തുത വിവരം എം.എൽഎ. മാരെ ഗവൺമെന്റ് സെക്രട്ടറിമാരും വകുപ്പദ്ധ്യക്ഷന്മാരും അറിയിക്കാറുണ്ടോ;

(സി) ഇത്തരത്തിൽ വകുപ്പ് സെക്രട്ടറിമാർക്കും, വകുപ്പദ്ധ്യക്ഷന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇത്തരത്തിൽ നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## സ്റ്റുഡന്റ് പാർലമെന്റുകൾ

4031. ശ്രീ.എം. സ്വരാജ്

,, വി.കെ.പ്രശാന്ത്

ശ്രീമതിപി. അയിഷാ പോറ്റി

ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ജനാധിപത്യത്തിനും ജനാധിപത്യ സ്ഥാപനങ്ങൾക്കും നേരെ നടക്കുന്ന കടന്നുകയറ്റത്തിന്റെ കാലത്ത് സംസ്ഥാനത്തെ ജനങ്ങളെ ജനാധിപത്യത്തിന്റെ പാതയിൽ അണിനിരത്തുന്നതിനും പാർലമെന്ററി പ്രവർത്തനങ്ങളിൽ ബോധവാൻമാരാക്കുന്നതിനും വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാർലമെന്ററികാര്യ വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(ബി) വിദ്യാർത്ഥികളെ ജനാധിപത്യപ്രക്രിയയുടെ ഭാഗമാക്കുന്നതിനും പാർലമെന്ററി പ്രവർത്തനങ്ങളിൽ അണിനിരത്തുന്നതിനും നടത്തിവരുന്ന സ്റ്റുഡന്റ് പാർലമെന്റിന്റെ പ്രവർത്തനങ്ങൾ എത്രമാത്രം വിജയകരമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും അതത് പ്രദേശത്തെ വിവിധ തലങ്ങളിലെ ജനപ്രതിനിധികൾ, സാംസ്കാരിക പ്രവർത്തകർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് വിപുലമായ തരത്തിൽ സ്റ്റുഡന്റ് പാർലമെന്റുകൾ കൂടുതൽ അർത്ഥവത്തായ നിലയിൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ഇക്കോ സെൻസിറ്റീവ് സോണുകൾ

4032. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോണുകൾ സൃഷ്ടിക്കാൻ വനം വകുപ്പ് നീക്കം നടത്തുന്നുണ്ടോ; ഇതു നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇക്കോ സെൻസിറ്റീവ് സോണാക്കി മാറ്റുന്നതു മൂലം സംസ്ഥാനത്തെ എത്ര വില്ലേജുകളിൽ നിന്ന് ജനങ്ങളെ ഒഴിപ്പിക്കേണ്ടി വരുമെന്ന് അറിയിക്കുമോ;

(സി) ഇക്കോ സെൻസിറ്റീവ് സോണാക്കി മാറ്റുന്നതിനുള്ള നടപടി ക്രമങ്ങൾ നിർത്തി വയ്ക്കാൻ സർക്കാർ ഉത്തരവ് നൽകുമോ?

## വനം വകുപ്പ് മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ

T 4033. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 ലെ ഇടക്കാല ബഡ്ജറ്റിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ പൂർണ്ണമായും ഇതിനകം നടപ്പിലാക്കാത്ത പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) 2016-17 മുതൽ 2019-20 വരെയുള്ള ബഡ്ജറ്റുകളിൽ വനം വകുപ്പിന് വകയിരുത്തിയ പദ്ധതി തുകയും ഈ വർഷങ്ങളിൽ ചെലവഴിക്കുവാൻ കഴിയാതിരുന്ന തുകയുടെ വിശദാംശവും നൽകുമോ?

<u>വനം കയ്യേറ്റം</u>

4034. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി ഒന്നിന് ശേഷം സംസ്ഥാനത്ത് കയ്യേറിയ വനഭൂമിയിൽ ഏഴായിരത്തി ഇരുന്നൂറ്റി എൺപത്തിയൊൻപത് ഹെക്ടർ വനഭൂമി ഇനിയും ഒഴിപ്പിക്കുവാൻ സാധിച്ചിട്ടില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) വനം കയ്യേറ്റം സമയബന്ധിതമായി ഒഴിപ്പിക്കണമെന്ന ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടും പ്രസ്തുത വനം കയ്യേറ്റം ഒഴിപ്പിക്കുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഹെക്ടർ വനഭൂമി കയ്യേറ്റമാണ് ഒഴിപ്പിച്ചതെന്നും ഏതൊക്കെ ഡിവിഷനുകളിലെന്നുമുള്ള വിശദാംശം നൽകുമോ?

<u>വനഭൂമി സർവ്വേ സ്കെച്ചുകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് നടപടി</u>

4035. ശ്രീ.വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള വനഭൂമി സംബന്ധിച്ച സർവ്വേ സ്കെച്ചുകളും അനുബന്ധരേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത രേഖകളെല്ലാം ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>വന്യജീവികളിലൂടെ പകരുന്ന രോഗങ്ങൾക്കു പ്രതിരോധ പ്രവർത്തനങ്ങൾ</u>

4036. ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതലുള്ള കാലയളവിൽ കേരളത്തിലെ വനമേഖലയിലുള്ള വന്യജീവികളിൽ നിന്നും മനുഷ്യരിലേക്ക് ഏതെങ്കിലും രോഗം പടർന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) വന്യജീവികളിൽ നിന്ന് പകരാവുന്ന രോഗങ്ങൾ കണ്ടെത്തുന്നതിനും അടിയന്തിര പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) വനപാലകർക്കും,വനാതിർത്തിക്കുള്ളിലുള്ള കോളനി നിവാസികൾക്കും വനാതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്ന ഇതര ജനങ്ങൾക്കും ഇത്തരത്തിലുള്ള രോഗങ്ങൾ പിടിപെടുന്നതിൽ നിന്നും ആരോഗ്യ സുരക്ഷ ഉറപ്പ വരുത്തുന്നതിന് വനംവകുപ്പ് സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

<u>കാട്ടുതീയിൽപ്പെട്ട് മരണപ്പെട്ട വനപാലകരുടെ കുടുംബങ്ങൾക്ക് നല്കിയ സേവനങ്ങൾ</u>

4037. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് ജീവനക്കാർക്ക് ആധുനിക വാർത്താവിനിമയ സംവിധാനങ്ങളും, ആയുധങ്ങളും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആധുനിക ഉപകരണങ്ങളുടെയും, ആയുധങ്ങളുടെയും അഭാവം മൂലം വനപാലകർക്ക് അപകടം സംഭവിക്കുന്നത് വർദ്ധിച്ചിട്ടും സർക്കാർ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കാട്ടുതീയിൽപ്പെട്ട് മരണപ്പെട്ട വനപാലകരുടെ കുടുംബങ്ങൾക്ക് സർക്കാർ ചെയ്ത സേവനങ്ങൾ/സഹായങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ?

<u>നിലമ്പൂർ ഫോറസ്റ്റ് നോർത്ത്-സൗത്ത് ഡിവിഷൻ</u>

4038. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഫോറസ്റ്റ് നോർത്ത്-സൗത്ത് ഡിവിഷനുകളിൽ എത്ര ഹെക്ടർ വനഭൂമിയുണ്ട്; തേക്ക് പ്ലാന്റേഷൻ ഒഴികെയുള്ള വനഭൂമി എത്രയെന്ന് ഫോറസ്റ്റ് റെയ്ഞ്ച് തിരിച്ച് അറിയിക്കാമോ;

(ബി) മേൽ ഡിവിഷനുകളിൽ സ്വകാര്യ വ്യക്തികൾ കൈയ്യേറിയ വനഭൂമി എത്രയെന്നും തിരിച്ച് പിടിച്ചത് എത്രയെന്നും കൈയ്യേറ്റത്തിനെതിരെ ആർക്കൊക്കെ എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) നിലമ്പൂർ ഫോറസ്റ്റ് നോർത്ത്-സൗത്ത് ഡിവിഷനുകളിലെ വിവിധ വന്യമൃഗങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; അവസാനമായി കണക്കെടുത്ത വർഷവും കണ്ടെത്തിയ വന്യമൃഗങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) മേൽ ഡിവിഷനുകളിൽ ഏതെല്ലാം ജനവാസകേന്ദ്രങ്ങളിലേക്കാണ് വന്യമൃഗങ്ങൾ ഇറങ്ങിയതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്; പഞ്ചായത്ത് തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ മേൽ ഡിവിഷനുകളിൽ ചെരിഞ്ഞ കാട്ടാനകളുടെ എണ്ണം ഫോറസ്റ്റ് റെയ്ഞ്ച് തിരിച്ച് വിശദമാക്കാമോ?

<u>വനഭൂമിയുമായി ബന്ധപ്പെട്ട കേസുകളിലെ ഹൈക്കോടതി വിധി</u>

4039. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനഭൂമിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കക്ഷിയായ എത്ര കേസുകളിൽ ഹൈക്കോടതി വിധി വന്നിട്ടുണ്ട്;

(ബി) പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടുവെന്ന് വ്യക്തമാക്കുമോ?

<u>മണ്ണാർക്കാട് താലൂക്കിൽ അർഹരായ കുടുംബങ്ങൾക്ക് പട്ടയം</u>

4040. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിൽ 01.01.1977 ന് മുൻപ് വനഭൂമി കൈവശം വെച്ചിരുന്ന അർഹരായ കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാകുന്നതിന് പാലക്കാട് ജില്ലാകളക്ടർ ഒലവക്കോട് സി.സി.എഫ്. ന് 11.11.2010ന് അയച്ച, എൽ.ആർ.എ5-2005/4455/9(1999/44665/9) നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വനം വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച് കേന്ദ്രസർക്കാർ വകുപ്പുകൾക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>വനാതിർത്തികൾ വേർതിരിച്ച് സർവ്വേ</u>

4041. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തികൾ വേർതിരിച്ച് സർവ്വേ ചെയ്യുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഇതിനായി സർവ്വേ വകുപ്പിന്റെ സേവനം ലഭ്യമാണോ;

(സി) സർവ്വേ വകുപ്പിന്റെ സേവനം ലഭിക്കാത്ത സാഹചര്യത്തിൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സേവനം സർവ്വേക്കായി ഉപയോഗിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനകം എത്ര ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വേയിൽ പരിശീലനം നൽകിയെന്ന് വെളിപ്പെടുത്താമോ?

<u>പരപ്പ - മയ്യള ഫോറസ്റ്റ് റോഡ് നവീകരണം</u>

4042. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിന് കീഴിലെ പരപ്പ - മയ്യള ഫോറസ്റ്റ് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് എം.എൽ.എ.-എ.ഡി.എസ്. ൽ ഉൾപ്പെടുത്തി അൻപത് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത റോഡിന് തുക ചെലവഴിക്കുന്നതിന് വനംവകുപ്പിന്റെ

അനുമതിക്കായി സമർപ്പിച്ച ഓൺലൈൻ അപേക്ഷയിൽ തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## എന്റെ മരം പദ്ധതി പ്രകാരം വിതരണം ചെയ്ത വൃക്ഷതൈകൾ

4043. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് സാമൂഹ്യവനവൽക്കരണത്തിന് സർക്കാർ ഈ സാമ്പത്തികവർഷം വർഷം എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ നൽകാമോ;

(ബി) സ്കൂളുകളിൽ നടപ്പിലാക്കിയിരുന്ന എന്റെ മരം പദ്ധതി പ്രകാരം ആകെ എത്ര വൃക്ഷതൈകൾ ഈ സർക്കാരിന്റെ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട്; അതിൽ എത്ര മരങ്ങളാണ് വിവിധ പ്രദേശങ്ങളിലായി ഇപ്പോൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയെക്കുറിച്ച് സർക്കാർ പുന:രവലോകനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

## കാട്ടുതീ മൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക്

4044. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടരെത്തുടരെ ഉണ്ടായ കാട്ടുതീ മൂലം വനമേഖല കത്തി നശിച്ചതിനൊപ്പം വന്യമൃഗങ്ങൾ ഉൾപ്പെടെ വനമേഖലയിലെ ജീവജാലങ്ങൾ, ഔഷധ സസ്യങ്ങൾ തുടങ്ങിയവയ്ക്കുണ്ടായ നാശനഷ്ടങ്ങളുടെ അഞ്ചു വർഷത്തെ കണക്ക് വ്യക്തമാക്കുമോ;

(ബി) തുടർവർഷങ്ങളിൽ ഇവയെ സംരക്ഷിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും ഇതിനായി എന്തെല്ലാം കേന്ദ്രസഹായം ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ?

## എന്റെ മരം നമ്മുടെ മരം പദ്ധതി

4045. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പ് മുഖേന നടത്തിവരുന്ന എന്റെ മരം നമ്മുടെ മരം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് നാളിതുവരെയായി ചെലവഴിച്ചിട്ടുള്ളത്;

(സി) എത്ര മരങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ചത്; ഇവയുടെ പരിപാലനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; അറിയിക്കുമോ;

(ഡി) നട്ടുപിടിപ്പിച്ച മരങ്ങളിൽ എത്ര ശതമാനം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

## കാവുകളുടെ സംരക്ഷണവും പരിപാലനവും

4046. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവൽക്കരണ പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വനം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി പ്രകാരം കാവുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിനകം എത്ര കാവുകൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയെന്നും തെരഞ്ഞെടുത്ത കാവുകളിൽ എന്തൊക്കെ സംരക്ഷണ പ്രവർത്തനം നടത്തിയെന്നും വ്യക്തമാക്കുമോ?

## കൊല്ലം ജില്ലയിലെ കുളങ്ങളുടെ സംരക്ഷണം

4047. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ സംരക്ഷണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ വനം വന്യജീവി വകുപ്പ് പദ്ധതി തയ്യാറാക്കിയിരുന്നോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് കൊല്ലം ജില്ലയിൽപ്പെടുന്ന എത്ര കുളങ്ങളെയാണ് തിരഞ്ഞെടുത്തിരുന്നതെന്ന് അറിയിക്കുമോ;

(സി) ആയതിൽ സ്വീകരിച്ച തുടർനടപടിക്രമങ്ങൾ വിശദമാക്കുമോ?

## ഗവി വനമേഖലയിലേക്കുള്ള നിയന്ത്രണം

4048. ശ്രീ.കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവി വനമേഖലയിലേക്ക് ടൂറിസത്തിന്റെ ഭാഗമായി വണ്ടിപെരിയാറിൽ നിന്നുള്ള സഞ്ചാരികളെ യാതൊരു നിയന്ത്രണവും കൂടാതെ പ്രവേശിപ്പിക്കുകയും ആങ്ങാമൂഴിയിൽ നിന്നുള്ള സഞ്ചാരികൾക്ക് നിയന്ത്രണമേർപ്പെടുത്തുകയും ചെയ്യുന്നത് വിവേചനപരമല്ലേ; എന്തുകൊണ്ടാണ് ഇത്തരത്തിൽ ഒരു വിവേചനം നിലനിൽക്കുന്നത്; ആങ്ങാമൂഴിയിൽ നിന്നും വരുന്ന സഞ്ചാരികളുടെ നിയന്ത്രണം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വനമേഖലയെ സംരക്ഷിച്ചുകൊണ്ട് ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുമോ?

## വയനാട് ജില്ലയിലെ വനം വകുപ്പ് വഴിയുള്ള നിയമനം

4049. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വയനാട് ജില്ലയിൽ വനം വകുപ്പ് എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ വയനാട് ജില്ലയിൽ വനം വകുപ്പിൽ എത്ര തസ്തികകളിൽ ഒഴിവുകൾ ഉണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ?

<u>അനിമൽ ഹാൻഡ്ലിംഗ് ഇൻ സൂ &ഫോറസ്റ്റ് കോഴ്സ്</u>

4050. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ നിന്നും അനിമൽ ഹാൻഡ്ലിംഗ് ഇൻ സൂ &ഫോറസ്റ്റ് കോഴ്സ് പഠിച്ചിറങ്ങിയ 30 ഓളം വിദ്യാർത്ഥികൾക്ക് ജോലി നൽകണമെന്ന് കാണിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എച്.ആർ.എം.പി. നമ്പർ 4961/11/14/19 ആയി 14.11.2019 ന് ഇറക്കിയ ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ഉത്തരവ് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഫോറസ്റ്റ് ബീറ്റ് ഓഫീസർ തസ്തികയിൽ പ്രസ്തുത കോഴ്സ് പഠിച്ചിറങ്ങിയവരെ പരിഗണിക്കാതിരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് ഇവർക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഫോറസ്റ്റ് റിസർവ് വാച്ചർ</u>

4051. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് റിസർവ് വാച്ചർ തസ്തികയുടെ എണ്ണം എത്രയാണെന്നും ഇപ്പോൾ എത്ര പേരാണ് ഈ തസ്തികയിൽ ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(ബി) തസ്തികയിൽ ഒഴിവ് ഉണ്ടെങ്കിൽ എത്ര കാലമായിട്ടുള്ളതാണ് പ്രസ്തുത ഒഴിവെന്നും എന്തുകൊണ്ടാണ് ഇതുവരെ നിയമനം നടത്താത്തതെന്നും വ്യക്തമാക്കാമോ;

(സി) ഈ തസ്തികയിൽ എത്രപേർ താൽക്കാലിക ജീവനക്കാരായിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ഡി) ഫോറസ്റ്റ് റിസർവ് വാച്ചർ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ഇതിനകം നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ തസ്തികയിലേക്ക് വിജ്ഞാപനം ഇറക്കിയശേഷം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>വന്യജീവി സങ്കേതങ്ങളിലെ തേക്ക്</u>

4052. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യ ജീവി സങ്കേതങ്ങളോട് ചേർന്ന ജനവാസ മേഖലയെ ചെറിയ ഏരിയകളാക്കി മാറ്റി അവിടെ നിന്ന് തേക്ക് മരങ്ങൾ മുറിച്ച ശേഷം വീണ്ടും മരങ്ങൾ നട്ടുപിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ കേരളത്തിൽ എത്ര ഹെക്ടർ പ്രദേശത്ത് തേക്ക് തോട്ടങ്ങൾ ഉണ്ട്; ഇതിൽ ജനവാസ മേഖലയോട് ചേർന്ന് നിൽക്കുന്നത് എത്ര ഹെക്ടറാണ്; വ്യക്തമാക്കുമോ?

<u>സീനിയറേജ് വ്യവസ്ഥ</u>

4053. ശ്രീ.വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ മരം മുറിക്കുവാൻ ഉണ്ടായിരുന്ന സീനിയറേജ് വ്യവസ്ഥ റദ്ദാക്കിയിട്ടുണ്ടോ;

(ബി) ഇതുമൂലം സർക്കാരിന് പ്രതിവർഷം എത്ര ലക്ഷം രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടായിട്ടുള്ളത്;

(സി) സീനിയറേജ് വ്യവസ്ഥ പുനസ്ഥാപിക്കണമെന്ന് റവന്യൂ വകുപ്പ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഇന്ത്യൻ ഫോറസ്റ്റ് ആക്ട് ഭേദഗതി</u>

4054. ശ്രീ.അനിൽ അക്കര **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഫോറസ്റ്റ് ആക്ട് 1927 ഭേദഗതി ചെയ്തു കൊണ്ടുള്ള കേന്ദ്രസർക്കാരിന്റെ കരടിന്മേൽ സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ നൽകിയത് എന്ന് അറിയിക്കുമോ?

<u>ആനക്കയത്ത് പവർഹൗസ് സ്ഥാപിക്കുന്നതിന് തുരങ്കം</u>

4055. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കയത്ത് പവർഹൗസ് സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ വനമേഖലയിൽ ഏഴ് കിലോമീറ്റർ തുരങ്കം നിർമ്മിക്കുവാൻ വൈദ്യുതി ബോർഡ് അനുമതി തേടിയിട്ടുണ്ടോ;

(ബി) ഇതിനായി വനം വകുപ്പ് എത്ര ഹെക്ടർ സ്ഥലമാണ് വിട്ട് നൽകേണ്ടതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>പെരിയാർ കടുവ സങ്കേതത്തിൽ ഫുട്ബോൾ ഗ്രൗണ്ട് നിർമ്മാണം</u>

4056. ശ്രീ.വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ കടുവ സങ്കേതത്തിൽ ഫുട്ബോൾ ഗ്രൗണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് ജെ.സി.ബി. പോലുള്ള വാഹനങ്ങൾ ഉപയോഗിച്ച് മണ്ണ് ഇടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെക്ക്പോസ്റ്റ് വഴി ജെ.സി.ബി. കടത്തിവിടാൻ നിർദ്ദേശം നൽകിയതാരാണെന്നുള്ള വിവരവും അന്നേ ദിവസം ചെക്ക്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ മൊഴിയും രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ചട്ടം ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മുഖ്യ വനപാലകന്റെ അറിവോടെയാണ് നടത്തിയതെന്ന് ഡെപ്യൂട്ടി ഡയറക്ടർ മാധ്യമ പ്രചാരണം നടത്തിയത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് മുഖ്യ വനപാലകന്റെ റിപ്പോർട്ട് തേടിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പെരിയാർ കടുവാ സങ്കേതത്തിൽ ഗ്രൗണ്ട് നിർമ്മിക്കുകയും അതിലൂടെ സുരക്ഷിത മേഖലയിൽ ടൂർണമെന്റ് സംഘടിപ്പിക്കുകയും വന നിയമങ്ങൾ ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചട്ടപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ടെണ്ടർ നടപടികൾ സ്വീകരിക്കാതെയുമുള്ള പ്രവർത്തനങ്ങൾ സംസ്ഥാന വിജിലൻസിനെക്കൊണ്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

<u>മൃഗശാലകളിലെ മൃഗങ്ങൾക്ക് ഭക്ഷണം</u>

4057. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിലെ മൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണം ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) മൃഗങ്ങൾക്ക് ആവശ്യമായ അളവിൽ ഭക്ഷണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) മാനുകൾ ഉൾപ്പെടെയുള്ള സസ്യഭോജികൾക്ക് ആവശ്യമായ പുല്ലും ഇലകളും എങ്ങിനെയാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>വന്യജീവിസങ്കേത മേഖലകളിലെ പാറമടകൾ</u>

4058. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, കെ.സി.ജോസഫ്

,, അനൂപ് ജേക്കബ്

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി സങ്കേതങ്ങളുടെയും, ഉദ്യാനങ്ങളുടെയും പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള പാറമടകൾക്ക് ദേശീയ വന്യജീവി ബോർഡിന്റെ അനുമതി വേണമെന്ന നിബന്ധനയിൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഇളവ് നൽകണമെന്ന് വനം വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കിലോമീറ്ററായി കുറയ്ക്കാമെന്നാണ് ശിപാർശ നൽകിയത്;അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) വന്യജീവിസങ്കേത മേഖലകളിൽ പാറമടകൾ പ്രവർത്തിക്കുന്നത് വന്യജീവികൾക്ക് ദോഷകരമായതിനാൽ ഇത്തരം ഒരു ഇളവ് നൽകണമെന്ന് ശിപാർശ ചെയ്തത് വന്യജീവികളുടെ നാശത്തിനും അവരുടെ സ്വൈരവിഹാരം തടസപ്പെടുന്നതിനും ഇടയാക്കുകയില്ലെയെന്ന് വ്യക്തമാക്കുമോ?

<u>കടുവ സങ്കേതങ്ങൾ</u>

4059. ശ്രീ.സി. ദിവാകരൻ

,, ചിറ്റയം ഗോപകുമാർ

,, ഇ.കെ.വിജയൻ

ശ്രീമതി സി.കെ. ആശ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കടുവ സങ്കേതങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുമോ; എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഒരു പ്രദേശം കടുവ സങ്കേതമായി പ്രഖ്യാപിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഒരു സംരക്ഷിത മേഖല കടുവ സങ്കേതമായി പ്രഖ്യാപിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് ഉണ്ടാകുന്ന നേട്ടങ്ങളെയും കോട്ടങ്ങളെയും മറ്റ് ബുദ്ധിമുട്ടുകളെയും കുറിച്ച് വിശദമാക്കുമോ;

(സി) കടുവ സങ്കേതങ്ങളിൽ കടുവകളുടെ സംരക്ഷണത്തിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ ഏറ്റവും കൂടുതൽ കടുവകൾ കാണപ്പെടുന്നത് എവിടെയാണെന്നറിയിക്കുമോ;

(ഇ) വയനാട് വന്യജീവി സങ്കേതം കടുവ സങ്കേതമായി പ്രഖ്യാപിക്കുമോ; വ്യക്തമാക്കുമോ?

<u>തൃശ്ശൂർ ജില്ലയിലെ വന്യമൃഗ ആക്രമണങ്ങൾ</u>

4060. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വിവിധ മലയോരഗ്രാമങ്ങളിലും ആദിവാസി കോളനികളിലും കാട്ടാന ശല്യം രൂക്ഷമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടാനകൾ, കാട്ടുപന്നി, കുരങ്ങ്, മയിൽ, മ്ലാവ്, മാൻ തുടങ്ങി നിരവധി കാട്ടുമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിലേക്ക് കൂട്ടത്തോടെ ഇറങ്ങി കൃഷിയും വീടും മറ്റും നശിപ്പിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് കൂടുതലായി ഏർപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നത് എന്നറിയിക്കാമോ;

(സി) കാട്ടുതീ പടരുന്നതു മൂലം ജില്ലയിൽ മൂന്ന് വിലപ്പെട്ട ജീവനുകൾ പൊലിഞ്ഞു പോയ സാഹചര്യത്തിൽ കാട്ടുതീ തടയുന്നതിനുള്ള ഊർജ്ജിത നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ജനവാസ-കാർഷിക മേഖലകളിലെ വന്യജീവി ആക്രമണം

4061. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ അതിരപ്പിള്ളി, കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിൽ ജനവാസ-കാർഷിക മേഖലകളിലെ വന്യജീവി ആക്രമണം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വന്യജീവി ആക്രമണങ്ങൾ ഒഴിവാക്കുന്നതിനായി ജണ്ടകൾ,സൗരോർജ്ജവേലി എന്നിവ നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് വന്യജീവി ആക്രമണം തടയുന്നതിനും കൃഷിനാശം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

വന്യമൃഗ ആക്രമണങ്ങളും കൃഷിനാശവും ലഘൂകരിക്കുന്നതിന് നൂതന മാർഗ്ഗങ്ങൾ

4062. ശ്രീ.സി. കെ. ശശീന്ദ്രൻ

,, ഡി.കെ. മുരളി

,, കെ. ബാബു

,, കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളിൽ നിന്നും മനുഷ്യർക്കുണ്ടാകുന്ന ആക്രമണങ്ങളും കൃഷിനാശവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇവ ലഘൂകരിക്കുന്നതിന് കൂടുതൽ ഫലപ്രദമായ നൂതന മാർഗ്ഗങ്ങൾ അവലംബിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) വന്യമൃഗ ആക്രമണങ്ങളുടെ അടിസ്ഥാന കാരണങ്ങളിൽ ഊന്നൽ നൽകികൊണ്ടുള്ള ഒരു ദീർഘകാല പദ്ധതി ഇതിനായി ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) വന്യമൃഗങ്ങൾ ആഹാരത്തിനും ജലത്തിനുമായി നാട്ടിലിറങ്ങുന്നത് തടയുന്നതിന് വനത്തിനുള്ളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ചും വന്യജീവികളുടെ ആഹാരവും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കുമോ?

വന്യജീവി ആക്രമണം മൂലം ജീവനോ സ്വത്തോ നഷ്ടപ്പെടുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം

4063. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം മൂലം ജീവനോ സ്വത്തോ നഷ്ടപ്പെടുന്നവർക്ക് വകുപ്പിൽ നിന്ന് നൽകുന്ന നഷ്ടപരിഹാരം എത്ര തുക വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19,2019-20 കാലഘട്ടത്തിൽ ഈ ഇനത്തിൽ എത്രപേർക്ക് എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് പാമ്പുകടിയേറ്റ് മരണപ്പെട്ടവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക എത്രയാണെന്നും 2018-19,2019-20 വർഷം എത്രപേർക്ക് പ്രസ്തുത നഷ്ടപരിഹാരത്തുക നൽകിയെന്നും ഇതിനായി എത്ര തുക ചെലവായെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

<u>കോതമംഗലം മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ശല്യം</u>

4064. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ,പിണ്ടിമന,കോട്ടപ്പടി,കീരമ്പാറ പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ കാട്ടാനകളടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനവാസ മേഖലകളിൽ ഉൾപ്പെടെ കാട്ടാനകളടക്കമുള്ള വന്യമൃഗങ്ങൾ വ്യാപകമായ കൃഷിനാശം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആനശല്യമടക്കമുള്ള വന്യമൃഗശല്യം പരിഹരിക്കുന്നതിനായി പ്രസ്തുത പ്രദേശങ്ങളിൽ റെയിൽഫെൻസിങ്ങും ട്രഞ്ചുകളും ഉൾപ്പെടെയുള്ള ആധുനിക പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുമോ;വിശദമാക്കാമോ;

(ഡി) ട്രഞ്ചും റെയിൽഫെൻസിങ്ങും സ്ഥാപിക്കാൻ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ എത്ര സ്ഥലങ്ങളിൽ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>കായംകുളം മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരോലത്പാദന പദ്ധതികൾ</u>

4065. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കാലയളവിൽ മൃഗസംരക്ഷണ-ക്ഷീരോത്പാദന വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>പക്ഷിപ്പനി കാരണമുണ്ടായ നാശനഷ്ടം</u>

4066. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാർച്ച് മാസം കോഴിക്കോട് ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പക്ഷിപ്പനി മൂലം എത്ര പക്ഷികളെ നശിപ്പിക്കേണ്ടി വന്നുവെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഇപ്രകാരം കോഴികൾ ഉൾപ്പെടെയുള്ള പക്ഷികളെ നശിപ്പിക്കേണ്ടി വന്നത്; ഇതുമൂലം കോഴി കർഷകർ ഉൾപ്പെടെയുള്ളവർക്ക് എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായതായാണ് കണക്കാക്കപ്പെടുന്നത്; അവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തേക്ക് കശാപ്പിനായി കൊണ്ടുവരുന്ന കന്നുകാലികളുടെ പരിശോധന

4067. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതരസംസ്ഥാനങ്ങളിൽ നിന്നും ഇറച്ചിക്കായി കൊണ്ടുവരുന്ന കന്നുകാലികളെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ വെച്ച് മൃഗസംരക്ഷണ വകുപ്പ് പരിശോധിക്കുന്നുണ്ടോ; അതിന്റെ ഫലമായി എന്തെല്ലാം വിവരങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഭിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

4068. ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മൃഗസംരക്ഷണ വകുപ്പ് കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിയോജക മണ്ഡലത്തിൽ വകുപ്പിന്റെ അധീനതയിലുള്ള ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തത് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ?

പക്ഷിപ്പനി

4069. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കോഴി വളർത്തൽ കേന്ദ്രങ്ങളിലും മറ്റിടങ്ങളിലും പക്ഷിപ്പനി പിടിപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് പക്ഷിപ്പനി ബാധയുള്ളതെന്നും കൂടുതൽ പ്രദേശത്ത് ഇത് വ്യാപിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പക്ഷിപ്പനി വരാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ; ഇപ്പോഴുണ്ടായ രോഗം മൂലമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) പക്ഷിപ്പനി തടയുവാനായി വളർത്തുന്ന പക്ഷിവിഭാഗങ്ങളിൽ എത്ര എണ്ണത്തെ കൊലപ്പെടുത്തി എന്നും മറ്റെന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു എന്നും അറിയിക്കാമോ; പക്ഷികളെ നഷ്ടപ്പെട്ട കർഷകർക്ക് എന്തു സഹായം നൽകുമെന്ന് വ്യക്തമാക്കുമോ?

പക്ഷിപ്പനി

4070. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വീണ്ടും പക്ഷിപ്പനി പടരുന്നവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) പക്ഷിപ്പനി പടരാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>പക്ഷിപ്പനി</u>

4071. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷിപ്പനി വീണ്ടും കേരളത്തിൽ പടർന്ന് പിടിക്കുവാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദവിവരം നൽകുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന കോഴികൾ, താറാവ്, മറ്റ് പക്ഷികൾ എന്നിവയുടെ പരിശോധന മൃഗസംരക്ഷണ വകുപ്പ് അതിർത്തി ചെക്ക് പോസ്റ്റുകളിൽ നടത്തിവരുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പ്രസ്തുത പക്ഷികളുടെ പരിശോധനയിൽ നിന്നും എത്ര കേസ്സുകൾ പിടിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ?

<u>നഷ്ടപരിഹാരം പുന:പരിശോധിക്കുവാൻ നടപടി</u>

4072. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴി ഫാം, താറാവ് ഫാം എന്നിവ നടത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന സാധാരണ കർഷകരുടെ ഇൻഷ്വർ ചെയ്യാത്ത വളർത്തു പക്ഷികൾ പ്രകൃതി/രോഗ ദുരിതങ്ങളിൽപ്പെട്ട് നഷ്ടപ്പെട്ടാൽ അവർക്ക് നിലവിൽ നൽകുന്ന നഷ്ടപരിഹാരത്തുക തുച്ഛമായതിനാൽ അത് പുന:പരിശോധിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ചെങ്ങന്നൂരിലെ പുലിയൂർ വെറ്റിനറി ആശുപത്രിയുടെ പരിധിയിൽ ഹാച്ചറി നടത്തിവന്ന സന്തോഷ് എന്ന കർഷകന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായിട്ടും പ്രളയ ദുരിതാശ്വാസമായി നാമമാത്ര തുക മാത്രം നൽകിയതിന്റെ കാരണം വ്യക്തമാക്കാമോ?

<u>മൃഗാശുപത്രിയുടെ നവീകരണം</u>

4073. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണവകുപ്പിന് കീഴിലുള്ള മൃഗാശുപത്രികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) വീടുകളിൽ പോയി വളർത്തുമൃഗങ്ങൾക്കും മറ്റ് മൃഗങ്ങൾക്കും ചികിത്സ/വാക്സിനേഷൻ നൽകുന്നതിന് സഹായകമായി മൊബൈൽ ക്ലിനിക്കുകൾ നിലവിൽ നടത്തുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

## മാംസ സംസ്കരണ കേന്ദ്രം

4074. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മാംസ സംസ്കരണ കേന്ദ്രം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത കേന്ദ്രം തുടങ്ങുന്നതിനായി വെറ്ററിനറി സർവ്വകലാശാല അംഗീകാരം നൽകിയിട്ടുണ്ടോ; ഇതിനായി സ്ഥലം കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## കോളേജ് ഓഫ് ഫുഡ് ടെക്നോളജിയുടെ പ്രവർത്തനം

4075. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെറ്ററിനറി യൂണിവേഴ്സിറ്റിയ്ക്ക് കീഴിലുള്ള തുമ്പൂർമുഴിയിലെ കോളേജ് ഓഫ് ഫുഡ് ടെക്നോളജിയുടെ പ്രവർത്തനം ഉരുൾപൊട്ടൽ ഭീഷണി മൂലം മണ്ണുത്തിയിലേയ്ക്ക് താൽക്കാലികമായി മാറ്റിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കോളേജിന്റെ പ്രവർത്തനത്തിന് പുതിയ കെട്ടിടം പണിയുന്നതിനായി പരിയാരം പഞ്ചായത്തിലെ മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള സ്ഥലം അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## തിരുവനന്തപുരം ജില്ലയിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ നിയമനം

4076. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിന് (കാറ്റഗറി നമ്പർ 68/14) മുൻപ് ഉണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ (2011-ലെ) നിന്ന് ബൈ ട്രാൻസ്ഫർ നിയമനം (ഡിപ്പാർട്ട്മെന്റ് ക്വാട്ട) നടത്താതെ, ആ ലിസ്റ്റിൽ നിന്ന് നടന്ന നിയമനങ്ങൾക്ക് ആനുപാതികമായ ബൈ ട്രാൻസ്ഫർ നിയമനങ്ങൾ നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധിയിലാണോ നികത്തപ്പെട്ടത്; വ്യക്തമാക്കുമോ;

(ബി) ഇത് കാരണം പുതിയ ലിസ്റ്റിൽ നിന്ന് പൊതു വിഭാഗത്തിലെ ഒഴിവുകളും നിയമനങ്ങളും വളരെ കുറച്ചാണ് നടന്നിട്ടുള്ളത് എന്നതിനാൽ കുറവുവന്ന നിയമനങ്ങൾ നിലവിലുള്ള ലിസ്റ്റിൽ നിന്ന് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരം കുടപ്പനക്കുന്നിൽ പുതുതായി ആരംഭിച്ച മൃഗസംരക്ഷണ വകുപ്പ് മൾട്ടി സ്പെഷ്യാലിറ്റി

ഹോസ്പിറ്റലിലേക്ക് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒൻപത് തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളിൽ ജില്ലയ്ക്ക് പുറത്ത് നിന്നുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലുള്ള എത്ര ജീവനക്കാർ വർക്കിംഗ് അറേഞ്ച്മെന്റിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; അവരുടെ പേര് വിവരം ലഭ്യമാക്കുമോ;

(ഇ) നൈറ്റ് വെറ്റിനറി സർവ്വീസ്, മൊബൈൽ വെറ്റിനറി സർവ്വീസ് ഇവയിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സ്ഥിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) നിലവിൽ തിരുവനന്തപുരം ജില്ലയിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണുള്ളത്; എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ജി) ഈ വർഷം എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ പ്രതീക്ഷിക്കുന്നതെന്ന് പറയാമോ; തിരുവനന്തപുരം ജില്ലയിലെ നിലവിലുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ് 2020 ആഗസ്റ്റ് മാസത്തിൽ കാലാവധി കഴിയുന്നതിനാൽ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുന്ന പരമാവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

<u>മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും നടപ്പിലാക്കുന്ന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിംഗ്</u>

4077. ശ്രീ.ആർ. രാമചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ നിലവിൽ വന്ന ശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ക്ഷീരവികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ലിസ്റ്റും ഗുണഭോക്താക്കളുടെ ലിസ്റ്റും ലഭ്യമാക്കുമോ;

(സി) മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും നടപ്പിലാക്കുന്ന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്താറുണ്ടോ; വിശദീകരിക്കുമോ?

<u>മൃഗസംരക്ഷണ സേവനങ്ങൾ വീട്ടുപടിക്കൽ എന്ന പദ്ധതി</u>

4078. ശ്രീ.കെ.എൻ.എ ഖാദർ

,, പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ സേവനങ്ങൾ വീട്ടുപടിക്കൽ എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; പദ്ധതി പ്രകാരം ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; ഈ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നു മുതലാണ് നടപ്പിലാക്കിയത്; ഇതിലേക്കായി എത്ര ജീവനക്കാരുടെ സേവനം

ഉപയോഗപ്പെടുത്തുന്നു; വിശദീകരിക്കുമോ;

(സി) കരാർ വ്യവസ്ഥയിലാണ് ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതെങ്കിൽ ഇവരുടെ വേതനത്തിന് ഉള്ള ചെലവ് എപ്രകാരം കണ്ടെത്തുമെന്ന് വിശദമാക്കാമോ?

<u>കഴിഞ്ഞ പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടുപോയ ക്ഷീരകർഷകർക്ക് ധനസഹായ വിതരണം</u>

4079. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടുപോയ ക്ഷീരകർഷകർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ ; കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും ഇതുസംബന്ധിച്ച് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിൽ എത്ര അപേക്ഷകളിൽ നഷ്ടപരിഹാരം നൽകി എന്നും വ്യക്തമാക്കാമോ;

(ബി) കടുത്ത വേനലിൽ പാൽ ഉൽപ്പാദനത്തിൽ ഉണ്ടായിരിക്കുന്ന കുറവ് പരിഹരിക്കുവാനും പശുക്കളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ക്ഷീരവികസന വകുപ്പ് എന്തെല്ലാം നടപടികൾ ആവിഷ്കരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ക്ഷീരകർഷകർക്കുള്ള വേനൽക്കാല ഇൻസെന്റീവ്</u>

4080. **ശ്രീ.പാറക്കൽ അബ്ദുല്ല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശുക്കളിൽ വൈറസ് ബാധ വ്യാപകമാവുകയും വേനൽ ശക്തിപ്രാപിക്കുകയും ചെയ്തതോടെ സംസ്ഥാനത്ത് പാൽക്ഷാമം രൂക്ഷമായ സാഹചര്യമുണ്ടോ; എങ്കിൽ മഹാരാഷ്ട്ര അടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്ന് പാൽ ഇറക്കുമതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇടക്കാലത്ത് നിർത്തിവച്ച കർഷകർക്കുള്ള വേനൽക്കാല ഇൻസെന്റീവ് പുന:സ്ഥാപിക്കാൻ മിൽമ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) നിലവിൽ മലബാർ മേഖല യൂണിയനിൽ ഇൻസെന്റീവ് നൽകുന്നുണ്ടോ; ഇത് മറ്റു മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കുമോ; നിലവിൽ എന്ത് തുകയാണ് ഇൻസെന്റീവ് ഇനത്തിൽ നൽകുന്നത്; വ്യക്തമാക്കാമോ?

<u>മങ്കട മണ്ഡലത്തിലെ മൂർക്കനാട് മിൽമ സംസ്കരണശാലയുടെ നിലവിലെ സ്ഥിതി</u>

4081. **ശ്രീ.ടി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കാൻ അനുമതി ലഭിച്ച മിൽമ സംസ്കരണശാലയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് ക്ഷീരവികസന വകുപ്പ് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഇല്ലെങ്കിൽ സംസ്കരണശാലയുടെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ;

വിശദമാക്കാമോ?

<u>ക്ഷീര കർഷകരിൽ നിന്നും ക്ഷേമനിധിയിലേക്ക് അംശാദായമായി ലഭിക്കുന്ന പണം</u>

4082. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരിൽ നിന്നും ക്ഷേമനിധിയിലേക്ക് അംശദായമായി ലഭിക്കുന്ന പണം കർഷകർക്ക് തിരികെ നല്കുന്നില്ലായെന്നത് സംബന്ധിച്ച് കർഷകരിൽ നിന്നും എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അംശദായമായി ക്ഷേമനിധിയിൽ ഒടുക്കുന്ന തുക കർഷകന് അറുപത് വയസ്സ് പൂർത്തിയാകുമ്പോൾ തിരികെ കൊടുക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ?

<u>ക്ഷീരസഹകരണ സംഘം</u>

4083. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പാൽ സംഭരിക്കുന്ന ക്ഷീരസഹകരണ സംഘം ഏതാണെന്ന് അറിയിക്കാമോ;

(ബി) ക്ഷീരകർഷകരെ സഹായിക്കാൻ ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്</u>

4084. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റീജിയണൽ മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനിൽ ജൂനിയർ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് എഴുത്ത് പരീക്ഷ നടത്തിയിരുന്നോ; എങ്കിൽ എന്നാണ് നടത്തിയതെന്ന് വെളിപ്പെടുത്താമോ;

(സി) അതിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>പാരാവെറ്ററിനറി കൗൺസിൽ രൂപീകരണം</u>

4085. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാരാവെറ്ററിനറി കൗൺസിൽ രൂപീകരണം സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വ്യാപിപ്പിക്കുന്നതിനായി കൂടുതൽ ജലസംഭരണികൾ

4086. ശ്രീ.എം.ഉമ്മർ

,, കെ.എം.ഷാജി

,, എൻ. ഷംസുദ്ദീൻ

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സംരക്ഷണത്തിനും കൃഷി വ്യാപിപ്പിക്കുന്നതിനുമായി കൂടുതൽ ജലസംഭരണികൾ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയ ജലസംഭരണികൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയെന്നും എന്ത് തുക ചെലവായെന്നും അറിയിക്കാമോ?

ജലവിഭവ വകുപ്പിന്റെ റെഗുലേറ്ററുകളുടെ പ്രവർത്തനം

4087. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, റോജി എം. ജോൺ

,, അൻവർ സാദത്ത്

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018 ലും 2019 ലും ഉണ്ടായ പ്രളയത്തെത്തുടർന്ന് ജലവിഭവ വകുപ്പിന്റെ റെഗുലേറ്ററുകളുടെ പ്രവർത്തനം മണ്ണും എക്കലും അടിഞ്ഞ് തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ണും എക്കലും നീക്കം ചെയ്യുന്നതിന് ടെൻഡർ വിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഏതൊക്കെ റെഗുലേറ്ററുകളിലാണ് ആദ്യ ഘട്ടത്തിൽ ഈ പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഇപ്രകാരം നീക്കുന്ന മണ്ണിനും ചെളിക്കും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് റോയൽറ്റി ഒഴിവാക്കി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഇറിഗേഷൻ ഭൂമിയിലെ റോഡ് റീ ടാറിംഗിന് അനുമതി

4088. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേരത്തെ ടാറിംഗ് നടത്തിയിട്ടുള്ളതും ഇറിഗേഷൻ ഭൂമിയിലൂടെ കടന്ന് പോവുന്നതുമായ റോഡുകൾ റീ ടാറിംഗ് പ്രവൃത്തി നടത്തുമ്പോൾ ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇറിഗേഷൻ അധീനതയിലുള്ള റോഡുകൾ നവീകരിക്കുന്നതിനുള്ള അനുമതി നൽകാൻ നിലവിൽ ആർക്കാണ് അധികാരമുള്ളത്; വ്യക്തമാക്കുമോ;

(സി) കനാലുകൾക്ക് ബലക്ഷയം സംഭവിക്കാതെ ടാറിംഗ് പ്രവൃത്തി നടത്താൻ കഴിയുമെന്ന് ബോധ്യപ്പെട്ടാൽ അതത് പ്രദേശത്തെ ഇറിഗേഷൻ എ.ഇ.ക്ക് ഇതിന് അനുമതി നൽകുന്നതിന് തടസ്സമുണ്ടെങ്കിൽ അതിന് കാരണമെന്തെന്ന് അറിയിക്കുമോ?

<u>ജലസംരക്ഷണ പ്രവർത്തനങ്ങൾ</u>

4089. ശ്രീമതിവീണാ ജോർജ്ജ്

ശ്രീ.എസ്.രാജേന്ദ്രൻ

,, മുരളി പെരുനെല്ലി

,, വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത കേരളം മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവയ്ക്കായി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

(സി) പ്രസ്തുത മിഷന്റെ ഉപദൗത്യമായ 'ജലസമൃദ്ധി' യുടെ ഭാഗമായി സമഗ്ര നീർത്തട മാസ്റ്റർ പ്ലാനുകൾ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനും ജലസ്രോതസ്സുകളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>പൊതുജലസ്രോതസ്സുകളുടെ സംരക്ഷണം</u>

4090. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും അവയെ മാലിന്യമുക്തമാക്കുന്നതിനും നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും അവയെ മാലിന്യമുക്തമാക്കുന്നതിനും എത്ര തുക, ഏതൊക്കെ പദ്ധതികളിലായി ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ?

## പുഴകളിൽ റഗുലേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി

4091. **ശ്രീ.പി.ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലശോഷണവും കുടിവെള്ളക്ഷാമവും പരിഹരിക്കാനായി സംസ്ഥാനത്തെ പുഴകളിൽ റഗുലേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഈ പദ്ധതിയ്ക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചെന്നും വിശദമാക്കാമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കടൽഭിത്തി നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് അനുവദിച്ച ഫണ്ട്

4092. **ശ്രീ.എ. എൻ. ഷംസീർ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കടലാക്രമണം നേരിടാൻ കടൽഭിത്തി, പുലിമുട്ട് എന്നിവ നിർമ്മിക്കുന്നതിന് 2019-20 സാമ്പത്തിക വർഷം ഇറിഗേഷൻ വകുപ്പ് ഏതൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് തുകയടക്കം വ്യക്തമാക്കാമോ?

## പുഴകളിലെ മണലൂറ്റ് തടയൽ

4093. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പുഴകളുടെ അകാല മരണത്തിന് കാരണമാകുന്ന മണലൂറ്റ് തടയാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കനാലുകളുടെ ശോചനീയാവസ്ഥ

4094. **ശ്രീ.എം. സ്വരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേചന കനാലുകളിൽ ചിലതെങ്കിലും ശോചനീയമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

## ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടി

4095. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ;

(ബി) ഡാമുകളിൽനിന്ന് മണൽ എടുക്കുന്ന പദ്ധതി സജീവപരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

<u>കരമന ആറ്റിൽ പാർശ്വഭിത്തി നിർമ്മാണം</u>

4096. ശ്രീ.ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ മൂലത്തോപ്പ് പ്രദേശത്ത് കരമന ആറ്റിൽ പാർശ്വഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായി അടിയന്തരനടപടി സ്വീകരിക്കുമോ?

<u>മംഗളം ഡാമിലെ എക്കൽ നീക്കുവാൻ നടപടി</u>

4097. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗളം ഡാമിലെ എക്കൽ നീക്കുവാനുള്ള ജോലികൾക്ക് ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; ഇതിനകം എത്ര ടെൻഡറുകൾ ലഭിച്ചു; അറിയിക്കുമോ;

(ബി) മണലും ചെളിയും നീക്കുവാൻ പരിചയമുള്ള ഡ്രഡ്ജിംഗ് കമ്പനികളിൽ നിന്നും ഡി.പി.ആർ. തയ്യാറാക്കി നൽകുവാൻ ജലവിഭവ വകുപ്പ് താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>പിറവം മണ്ഡലത്തിലെ കനാലുകളുടെ ശുചീകരണം</u>

4098. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വേനൽക്കാലത്ത് ജലദൗർലഭ്യം ഉള്ള പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പിറവം മണ്ഡലത്തിലെ പി.വി.ഐ.പി., എം.വി.ഐ.പി. കനാലുകൾ ശുചിയാക്കുന്ന നടപടികൾ ഏതെല്ലാം പ്രദേശങ്ങളിൽ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇനിയും ശുചീകരണം ആരംഭിക്കാത്ത പ്രദേശങ്ങൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രദേശങ്ങളിലെ കനാലുകൾ അടിയന്തരമായി ശുചീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>കനോലി കനാൽ നവീകരണം</u>

4099. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കനോലി കനാൽ നവീകരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നവീകരണ പദ്ധതി ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ ഏജൻസിയുടെ പേരും ഏജൻസി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങളും വ്യക്തമാക്കാമോ?

<u>വൈക്കം മണ്ഡലത്തിൽ ഓരുമുട്ടുകൾ സ്ഥാപിക്കൽ</u>

4100. ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ട് കായലിൽ നിന്നും ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കുവാൻ വൈക്കം നിയോജകമണ്ഡലത്തിൽ എത്രഓരുമുട്ടുകളാണ് എല്ലാവർഷവും സ്ഥാപിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് താത്കാലിക ഓരുമുട്ടുകൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം വൈക്കം മണ്ഡലത്തിൽ താത്കാലിക ഓരുമുട്ടുകൾ സ്ഥാപിക്കുന്നതിന് എത്ര തുകയാണ് ചിലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

<u>പൂനൂർ പുഴയുടെ തീര സംരക്ഷണം</u>

4101. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പൂനൂർ പുഴയുടെ തീരം സ്വകാര്യ വ്യക്തികൾ കയ്യേറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തീരം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) സ്വകാര്യ വ്യക്തികൾ കയ്യേറിയ തീരം തിരികെ ലഭിക്കുന്നതിനായി സർവ്വേ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>മേൽമുറി, കോഡൂർ വലിയതോടുകളുടെ പാർശ്വഭിത്തി നിർമ്മാണം</u>

4102. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായ രണ്ട് പ്രളയങ്ങൾ മൂലം മലപ്പുറം നിയോജകമണ്ഡലത്തിലെ മേൽമുറി വലിയതോട്, കോഡൂർ വലിയതോട് എന്നിവയുടെ പാർശ്വഭിത്തികൾ തകർന്നതുമൂലം കൃഷിയ്ക്കും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുണ്ടായിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) തോടുകളുടെ ഇരുവശങ്ങളും അളന്ന് അതിർത്തി നിർണ്ണയം നടത്തിയിട്ടുണ്ടോ; ഇതിനായി സർവ്വേ നടത്തുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഗതിമാറിയുള്ള ഒഴുക്കുമൂലം പലഭാഗങ്ങളിലും തകർന്ന പാർശ്വഭിത്തി സംരക്ഷണത്തിനായി സത്വര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>കോതമംഗലം കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ്</u>

4103. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി - കവളങ്ങാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) എന്തുകൊണ്ടാണ് അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നതെന്ന കാര്യം വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ IR2/313/WRD എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ഡി) സാങ്കേതിക തടസ്സങ്ങളും കാലതാമസവും ഒഴിവാക്കി അപ്രോച്ച് റോഡ് നിർമ്മാണം വേഗത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) ആയതുമായി ബന്ധപ്പെട്ട കോടതിയിലെ കേസിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>കോതമംഗലം മണ്ഡലത്തിലെ മൈനർ/മേജർ ഇറിഗേഷൻ പദ്ധതികൾ</u>

4104. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ ഏതെല്ലാം പദ്ധതികളാണ് നടന്നുവരുന്നതെന്നും ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും വേണ്ടി വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ;

(സി) 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിലായി പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള മേജർ, മൈനർ ഇറിഗേഷൻ പദ്ധതികളിൽ ഏതെല്ലം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ഡി) എല്ലാ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>പാലക്കാട് മണ്ഡലത്തിലെ പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി</u>

4105. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് നിയോജക മണ്ഡലത്തിലെ പൊതുകുളങ്ങൾ ആഴം വർദ്ധിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം ഭൂഗർഭ ജലവകുപ്പ് പരിഗണിക്കാമോ; എങ്കിൽ

വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേളിയാർ കുളം നവീകരണം

4106. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ കേളിയാർ കുളം നവീകരണത്തിന് നിലവിൽ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) 'പ്രൈസ്' മുഖേന ലഭിച്ച കേളിയാർകുളം നവീകരണ പദ്ധതി വകുപ്പിൽ നിന്നും സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തൊണ്ടാർ ജലസേചന പദ്ധതി

4107. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

മാനന്തവാടി മണ്ഡലത്തിലെ തൊണ്ടാർ ജലസേചന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മുട്ടിൽ കാപ്പിൽ റഗുലേറ്റർ കം ബ്രിഡ്ജ്

4108. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽ കാപ്പിൽ റഗുലേറ്റർ കം ബ്രിഡ്ജ് പുനർ നിർമ്മിക്കുന്നതിനുള്ള പരിശോധനാ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) വിശദമായ എസ്റ്റിമേറ്റ് എന്നത്തേക്ക് സമർപ്പിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

4109. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയമസഭാ മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചിരിക്കുന്ന തുക, അനുവദിച്ച വർഷം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം നൽകാമോ?

കാസർഗോഡ് ചിത്താരി റഗുലേറ്റർ പുനർനിർമ്മാണം

4110. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചിത്താരി റഗുലേറ്റർ പുനർനിർമ്മിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) 2017-18 ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് നിലവിലുള്ള റെഗുലേറ്ററിന്റെ മുകൾഭാഗത്തായി പുതിയ ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ നിർമ്മിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ഇതിന്റെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ഡി) ഇതിന്റെ ഡി.പി.ആർ. പ്രകാരം തുക എത്ര വേണ്ടി വരുമെന്നും പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

<u>കാസർഗോഡ് കാക്കടവിലെ സ്ഥിരം തടയണ</u>

4111. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാക്കടവിൽ നിർമ്മിച്ച സ്ഥിരം തടയണമൂലം എന്തെങ്കിലും പരിസ്ഥിതികോട്ടങ്ങൾ പ്രസ്തുത സ്ഥലത്ത് സംഭവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത തടയണവഴി എത്ര ശതമാനം അധിക ജലസംഭരണം നടത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>കൊയിലാണ്ടി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u>

4112. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലം പരിധിയിൽ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തിയ എത്ര മൈനർ ഇറിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്; ഓരോ പ്രവൃത്തിയുടെയും പേര് വകയിരുത്തിയ തുകയടക്കം വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചതും എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതുമായ പദ്ധതികളുടെ പേരും തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

<u>നിലമ്പൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>

4113. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ചുങ്കത്തറ ആറംപുളിക്കൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; പ്രവൃത്തി പൂർത്തീകരണം വേഗത്തിലാക്കുമോ;

(ബി) നിലമ്പൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ തടസ്സപ്പെട്ട് നിൽക്കുന്ന (മൈനർ/മേജർ) പദ്ധതികളുണ്ടോ; ഏത് തരത്തിലുള്ള തടസ്സങ്ങളാണെന്ന് വിശദമാക്കാമോ; തടസ്സം നീക്കാൻ എടുത്ത നടപടി അറിയിക്കാമോ;

(സി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം എത്ര പദ്ധതികളാണ് നിലമ്പൂർ മണ്ഡലത്തിലേക്ക് അനുവദിച്ചതെന്ന് ഇവയുടെ ഫണ്ട് ഉൾപ്പെടെ വിശദമാക്കാമോ;

(ഡി) മണ്ഡലത്തിൽ നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണ്; ഇവ വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

## മങ്കടയിൽ മോദിക്കയത്ത് ആർ.സി.ബി. നിർമ്മാണം

4114. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിൽ മോദിക്കയത്ത് ആർ.സി.ബി. നിർമ്മിക്കുന്നതിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പദ്ധതി ആരംഭിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ആയതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2019-20 സാമ്പത്തിക വർഷം ജലസേചന വകുപ്പിന്റെ പ്ലാൻ/നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മങ്കട നിയോജക മണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കൊട്ടാരക്കര മണ്ഡലത്തിലെ പുലമൺ തോടിന്റെ നവീകരണം

4115. ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പുലമൺ തോടിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) നവീകരണ പ്രവർത്തനങ്ങളുടെ അംഗീകരിച്ച എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഡി) നവീകരണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ട് എത്ര കാലമായെന്ന് അറിയിക്കുമോ;

(ഇ) നവീകരണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(എഫ്) പുലമൺതോട് നവീകരണം അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ പുഴയോര സംരക്ഷണ പദ്ധതികൾ

4116. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ആറു പുഴയോര സംരക്ഷണ പദ്ധതികൾ അടിയന്തര പ്രാധാന്യത്തോടുകൂടി നടപ്പിലാക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിരുന്നുവോ;ഇത് സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എൻജിനീയറുടെ ഓഫീസിലെ W5-42184/19/P നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) മൂന്നിയൂർ പഞ്ചായത്തിലെ 13-ാം വാർഡിൽ വള്ളിക്കടവു പറമ്പിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (2019/9165/ഐ.എ.-46 ലക്ഷം രൂപ), മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിൽ കുന്നതാഴത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (2019/243/ഐ.എ.-41 ലക്ഷം രൂപ), മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ തെക്കേപ്പാടം പമ്പു ഹൗസിന് താഴെ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (2019/9166/ഐ.എ.-46 ലക്ഷം രൂപ), ചേലേമ്പ്ര പഞ്ചായത്തിലെ സിൽക്ക് പാലത്തിന്റെ ഇടതുകര സംരക്ഷണം-3 ലക്ഷം രൂപ, മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ 1-ാം വാർഡിൽ നമ്പുറത്ത് പറമ്പിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (2019/9164/ഐ.എ.),മൂന്നിയൂർ പഞ്ചായത്തിലെ 13-ാം വാർഡിൽ ചുഴലി പാലത്തിന് താഴ്ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (2019-333/ഐ.എ.-30 ലക്ഷം രൂപ ) എന്നിങ്ങനെയുള്ള പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

## വെള്ളിയാങ്കല്ല് റെഗുലേറ്റർ

4117. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളിയാങ്കല്ല് റെഗുലേറ്ററിൽ മണ്ണും ചെളിയും അടിഞ്ഞ് ഗുരുതരമായ തകരാർ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) അതിന്റെ അറ്റകുറ്റപ്പണിക്കായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിന്റെ ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ്; ജലനിരപ്പിനെക്കാൾ താഴ്ന്ന പ്രദേശമായതിനാൽ നിലവിലുള്ള എസ്റ്റിമേറ്റിനെക്കാൾ അധിക തുക അറ്റകുറ്റപ്പണിക്ക് വേണ്ടി വരുന്ന സാഹചര്യമുണ്ടോ; വിശദമാക്കുമോ?

## ഭൂജല സംപോഷണ പദ്ധതികൾ

4118. ശ്രീ.എ. എൻ. ഷംസീർ

,, കെ.ജെ. മാക്സി

,, വി. കെ. സി. മമ്മത് കോയ

,, ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവർത്തിച്ച് ഉണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ജല ആവശ്യകതയും ലഭ്യതയും കണ്ടെത്തി ജില്ലാതലത്തിൽ ജലസുരക്ഷ പദ്ധതി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ സംരക്ഷണത്തിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാനത്തെ നൂറ്റി അൻപത്തിരണ്ട് ബ്ലോക്കുകളിൽ മുപ്പത്തി മൂന്ന് എണ്ണത്തിൽ അമിത ജലചൂഷണത്തിന്റെ ഫലമായി ഭൂജല വിതാനം ആശങ്കാജനകമാം വിധം താഴ്ന്നതാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ഈ പ്രദേശങ്ങളിൽ ഭൂജല സംപോഷണത്തിന് അടിയന്തര നടപടി ആവിഷ്കരിക്കുമോ;

(സി) മഴക്കുഴി നിർമ്മാണം, കുളങ്ങളുടെ സംരക്ഷണം, കിണർ റീചാർജ്ജിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

ഭൂജല വകുപ്പിന്റെ മലപ്പുറം ഓഫീസിൽ ലഭിച്ച പരിശോധനാ അപേക്ഷകൾ

4119. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഭൂജല വകുപ്പിന്റെ കീഴിലുള്ള ഉദ്യോഗസ്ഥർ, വാഹനങ്ങൾ തുടങ്ങിയ സംവിധാനത്തെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) ഭൂജലവിതാനം നിർണ്ണയിക്കൽ, ജലത്തിന്റെ ലഭ്യത തുടങ്ങിയ കാര്യങ്ങൾക്ക് ജനങ്ങളും സ്ഥാപനങ്ങളും അപേക്ഷ നൽകിയിട്ടും സമയബന്ധിതമായി പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നൽകാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) 2019 വർഷത്തിൽ ഭൂജല വകുപ്പിന്റെ മലപ്പുറം ഓഫീസിൽ ലഭിച്ച പരിശോധനാ അപേക്ഷകൾ എത്രയെന്നും അവയിൽ പരിശോധിച്ച് റിപ്പോർട്ട് നൽകിയവ എത്രയെന്നും അറിയിക്കാമോ?

വീടുകളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള അനുമതി

4120. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിനായി വീടുകളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) വീടുകളിൽ കുഴൽ കിണർ കുഴിക്കുന്നതിന് സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കുഴൽക്കിണർ നിർമ്മാണ കരാറുകാർ

4121. ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കണ്ടെത്തിയ ഭൂഗർഭ ജല ഉറവിടങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിക്കുമ്പോൾ ജലം ലഭിച്ചില്ലെങ്കിൽ കരാർ പ്രകാരമുള്ള തുക കരാറുകാരന് ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) ഇതുമൂലം ഇത്തരം കുഴൽക്കിണർ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വൈമുഖ്യം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>കാസർഗോഡ് ജില്ലയിൽ കുഴൽകിണർ നിർമ്മാണം</u>

4122. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

അശാസ്ത്രീയമായ കുഴൽകിണർ നിർമ്മാണം മൂലം കാസർഗോഡ് ജില്ലയിൽ ഭൂഗർഭ ജലനിരപ്പ് വ്യാപകമായ തോതിൽ താഴ്ന്നതായി കണ്ടെത്തിയ പ്രദേശങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ; ഇവിടങ്ങളിൽ ഇപ്പോഴും കുഴൽകിണർ കുഴിക്കാൻ അനുമതി നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>കൊട്ടാരക്കര മണ്ഡലത്തിൽ ഭൂഗർഭജല വകുപ്പ് പ്രവൃത്തികൾ</u>

4123. ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഭൂഗർഭജല വകുപ്പ് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടത്തിയ പുതിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ കാലയളവിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ നിയോജക മണ്ഡലത്തിൽപ്പെടുന്ന എത്ര നവീകരണ പ്രവൃത്തികൾ നടത്തി; അവ ഏതെല്ലാം; അതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അവയുടെ വിവരവും ആയതിന്റെ കാരണങ്ങളും വെളിപ്പെടുത്തുമോ?

<u>ഭൂജലവകുപ്പിന്റെ മലപ്പുറം ജില്ലയിലെ പ്രവർത്തനം</u>

4124. ശ്രീ.പി.കെ.അബ്ദു റബ്ബ്

,, ടി. വി. ഇബ്രാഹിം

,, സി.മമ്മൂട്ടി

,, പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജലവകുപ്പിന്റെ മലപ്പുറം ജില്ലയിലെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഭൂജലവിതാനം നിർണ്ണയിക്കൽ, ജലത്തിന്റെ ലഭ്യത തുടങ്ങിയ കാര്യങ്ങൾക്ക് ജനങ്ങളും സ്ഥാപനങ്ങളും അപേക്ഷ നൽകിയിട്ടും സമയബന്ധിതമായി പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നൽകാൻ

സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 2019-20 വർഷത്തിൽ ഭൂജലവകുപ്പിന്റെ മലപ്പുറം ഓഫീസിൽ ലഭിച്ച അപേക്ഷകളിൽ പരിശോധിച്ച് റിപ്പോർട്ട് നൽകിയവയുടെ വിശദാംശം അറിയിക്കാമോ?

<u>റോഡുകൾ പുനരുദ്ധരിക്കുമ്പോഴുള്ള പൈപ്പുപൊട്ടൽ</u>

4125. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ ഉന്നത നിലവാരത്തിൽ പുനരുദ്ധരിക്കുമ്പോൾ ഇവിടങ്ങളിൽ ഇട്ടിരിക്കുന്ന കാലപ്പഴക്കം ചെന്ന പൈപ്പുകൾ പൊട്ടി ജലക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പൊതുമരാമത്ത് റോഡുകൾ പുനരുദ്ധരിക്കുന്നതിന് മുൻപുതന്നെ ഇവിടങ്ങളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി ഇടുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>വിദേശ ഫണ്ട് ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതികൾ</u>

4126. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് എത്ര കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ;

(ബി) ഇതിനായി ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള ഫണ്ടുകളാണ് ഉപയോഗപ്പെടുത്തുന്നതെന്നും എത്ര തുകയാണ് ഈ ഇനത്തിൽ ലഭിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) ഈ പദ്ധതികളിൽ ആകെ എത്ര എണ്ണം പൂർത്തീകരിച്ചു എന്നും ബാക്കിയുള്ളവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കുക;

(ഡി) പ്രസ്തുത പദ്ധതികൾക്കായി എത്ര അധിക തസ്തികകളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്; ഇതിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചതിൽ എത്ര ജീവനക്കാർ ഇപ്പോഴും തുടരുന്നു; വ്യക്തമാക്കാമോ;

(ഇ) പൂർത്തീകരിച്ച പദ്ധതികളിൽ തുടരുന്ന ജീവനക്കാർക്ക് ഓരോ ദിവസവും ശമ്പളം, യാത്രബത്ത, ക്ഷാമബത്ത എന്നീ ഇനത്തിൽ എത്ര തുകയാണ് സർക്കാർ ചെലവഴിക്കുന്നതെന്നും അതോടൊപ്പം ഇവരെ പുനർവിന്യസിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നും വിശദമാക്കുമോ?

<u>പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കുപ്പിവെള്ള സംരംഭം</u>

4127. ശ്രീ.മഞ്ഞളാംകുഴി അലി

,, ടി.എ.അഹമ്മദ് കബീർ

,, എൻ .എ.നെല്ലിക്കുന്ന്

,, പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ പ്ലാന്റുകളിൽ നിന്നും പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കുപ്പിവെള്ള സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച് പഠിക്കാൻ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ജല അതോറിറ്റിയുടെ പ്രവർത്തനത്തിൽ സ്വകാര്യ പങ്കാളിത്തം നൽകുന്ന കാര്യത്തിൽ ജീവനക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജലനിധി പദ്ധതി

4128. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഇതിനായി എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(സി) ഒന്നാംഘട്ട ജലനിധി പദ്ധതിയിൽ നടപ്പിലാക്കിയ കമ്മ്യൂണിറ്റി കുടിവെള്ള വിതരണ പദ്ധതിയുടെ പരിപാലനം നല്ല രീതിയിൽ നടത്താത്തതിനാൽ പല സ്ഥലത്തും പ്രതിസന്ധിയിലായിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

കളമശ്ശേരി ശുദ്ധജല പദ്ധതി

4129. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി, എലൂർ, തൃക്കാക്കര, കൊച്ചി കോർപ്പറേഷൻ തുടങ്ങിയ നഗരങ്ങളിലെയും സമീപ പ്രദേശങ്ങളിലെ പത്ത് പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള 238.53 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ശുദ്ധജല പദ്ധതിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 2019-ൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കളമശ്ശേരി കിൻഫ്രയിലാണോ അഥവാ ആലുവ വാട്ടർ അതോറിറ്റിയുടെ സ്ഥലത്താണോ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉയർന്ന പ്രദേശങ്ങളിലെ ശുദ്ധജല ക്ഷാമം

4130. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് ചില ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ജല അതോറിറ്റി ഉദ്യോഗസ്ഥരും ഉപഭോക്താക്കളും തമ്മിലുള്ള തർക്കവും സംഘർഷവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## സബ്സിഡി നിരക്കിൽ ജലശുദ്ധീകരണികൾ

4131. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ജലമലിനീകരണം ഒരു ആരോഗ്യ പ്രശ്നമായി മാറുന്ന ഈ കാലയളവിൽ വീടുകളിൽ ജല ശുദ്ധീകരണത്തിനുവേണ്ടി ജലശുദ്ധീകരണികൾ പോലെയുള്ള സംവിധാനം സബ്സിഡി നിരക്കിൽ സ്ഥാപിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## വരൾച്ചയും ജലക്ഷാമവും നേരിടുന്നതിന് പദ്ധതികൾ

4132. ശ്രീ.സി. ദിവാകരൻ
,, ആർ. രാമചന്ദ്രൻ
ശ്രീമതി സി.കെ. ആശ
ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് ലഭ്യമാകുന്ന വെള്ളം മതിയായ രീതിയിൽ സംഭരിച്ച് നിർത്തുന്നതിനുള്ള സംവിധാനങ്ങളുടെ അഭാവം മൂലമാണ് പ്രധാനമായും വരൾച്ചയും ജലക്ഷാമവും ആവർത്തിച്ചുവരുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) വരൾച്ചയും ജലക്ഷാമവും നേരിടുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത് എന്നറിയിക്കുമോ;

(സി) വൻകിട ജലസംഭരണികൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത കേരളത്തിൽ ഇനി പരിമിതമായതിനാൽ ചെക്കുഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) ജലസുരക്ഷയും ജലസംരക്ഷണവും ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) നദീ പുനരുജ്ജീവനം, നീർച്ചാലുകളുടെ സംരക്ഷണം, കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും നവീകരണം എന്നീ മേഖലകളിലെ പ്രവർത്തനങ്ങളിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ?

## വരൾച്ചയുടെ ഭാഗമായി കുഴൽക്കിണറുകൾ

4133. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയുടെ ഭാഗമായി സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിൽ എത്ര കുഴൽക്കിണർ നിർമ്മിച്ചിട്ടുണ്ടെന്നും ഇനിയെത്രയെണ്ണം നിർമ്മിക്കാൻ പദ്ധതിയുണ്ടെന്നും ജില്ല തിരിച്ച്

വ്യക്തമാക്കാമോ;

(ബി) ആയതിനായി നീക്കി വച്ച ഫണ്ട് എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ക്രിട്ടിക്കൽ ബ്ലോക്ക് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്നും കേരളത്തിൽ എത്ര ക്രിട്ടിക്കൽ ബ്ലോക്കുകൾ ഉണ്ടെന്നും പേര് സഹിതം വിശദവിവരം നല്കുമോ;

(ഡി) ക്രിട്ടിക്കൽ ബ്ലോക്കുകളിൽ കുഴൽ കിണർ നിർമ്മിക്കാൻ പാടില്ല എന്ന നിയമം നിലവിലുണ്ടോ ; ഇത്തരം ബ്ലോക്കുകളിലെ രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ ചെയ്യാൻ പറ്റുന്ന പരിഹാര നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## വിവിധ കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ

4134. ശ്രീ.വി.ഡി.സതീശൻ

,, വി.എസ്.ശിവകുമാർ

,, ടി.ജെ. വിനോദ്

ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി, അമൃത്, കേന്ദ്രസർക്കാർ സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി, നബാർഡ് എന്നിവയിലൂടെ ജലവിഭവ വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) മേല്പറഞ്ഞ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് അറിയിക്കാമോ;

(സി) 2016-17 ലെ ബജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച 23 കുടിവെള്ള പദ്ധതികളിൽ ഇനിയും പൂർത്തിയാകാത്ത പദ്ധതികൾ ഏതൊക്കെയാണ്;

(ഡി) 2018-19 ൽ ആർ.ഐ.ഡി.എഫ്. XXIV ൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ഇ) എ.ഡി.ബി.യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ച പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കുടിവെള്ളം പാഴാക്കുന്നത് നിയന്ത്രിക്കാനുള്ള പദ്ധതി

4135. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി നൽകുന്ന കുടിവെള്ളം ജനങ്ങൾ പാഴാക്കുന്നതും വ്യത്യസ്ത ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും നിയന്ത്രിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) പൈപ്പ് ലീക്ക്, പൈപ്പ് പൊട്ടൽ എന്നിവയിലൂടെ അമിതമായി കുടിവെള്ളം പാഴാകുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുവേണ്ടി സൂപ്പർ സ്ക്വാഡുകളെ നിയോഗിക്കുമോ; വിശദീകരിക്കുമോ;

(സി) കുടിവെള്ളം ദുരുപയോഗം ചെയ്യുന്നവരിൽ നിന്ന് പിഴ ഈടാക്കുന്നുണ്ടോ; വിശദീകരിക്കുമോ?

## കുപ്പിവെള്ള നിർമ്മാണവും വിതരണവും

4136. ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിൽ ഉള്ള കുപ്പിവെള്ള നിർമ്മാണ സ്ഥാപനങ്ങളുടെ വിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നുള്ള കുപ്പിവെള്ള വിതരണ രീതി ശാസ്ത്രീയമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ;

(സി) സർക്കാർ നിശ്ചയിച്ച നിരക്കിൽ കുപ്പിവെള്ളം വിപണിയിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

## കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താനുള്ള നടപടികൾ

4137. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കുന്ന കുടിവെള്ളത്തിൽ മാലിന്യത്തിന്റെ അളവ് വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) ശുദ്ധജലം ലഭ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളും മാർഗങ്ങളും വിശദമാക്കാമോ?

## ജല അതോറിറ്റി അദാലത്ത്

4138. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ജല അതോറിറ്റി അദാലത്ത് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത അദാലത്ത് സംഘടിപ്പിക്കുന്നത്;

(സി) ഉപഭോക്താക്കളുടെ ഏതെല്ലാം പരാതികളാണ് പ്രസ്തുത അദാലത്തിൽ പരിഗണിക്കുന്നത്;

(ഡി) പല കാരണങ്ങളാൽ പിരിച്ചെടുക്കാത്ത വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഈ അദാലത്ത് ലക്ഷ്യമിടുന്നുണ്ടോ എന്ന് അറിയിക്കുമോ?

## ജല ചോർച്ചയും ജലമോഷണവും തടയാൻ നടപടി

4139. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിദിനം ഉത്പാദിപ്പിക്കുന്ന 3000 ദശലക്ഷം ലിറ്റർ വെള്ളത്തിൽ 1800 ദശലക്ഷം ലിറ്റർ വെള്ളം മാത്രമാണോ ജലഅതോറിറ്റിക്ക് വിതരണത്തിനായി ലഭിക്കുന്നത്; ഇതു കാരണം ജലഅതോറിറ്റിയുടെ

ഒരു വർഷത്തെ നഷ്ടം 101.9 കോടി രൂപയാണോ എന്നറിയിക്കാമോ;

(ബി) പൈപ്പുകളുടെ കാലപ്പഴക്കം മൂലമുള്ള നഷ്ടവും ജലമോഷണവുമാണ് വരുമാനരഹിത വെള്ളത്തിന് കാരണമെന്ന് ജല അതോറിറ്റി കരുതുന്നുണ്ടോ;

(സി) സംസ്ഥാനം കടുത്ത വരൾച്ചയിലേക്ക് കടക്കുമ്പോൾ വൻ ജലചോർച്ച കടുത്ത വെല്ലുവിളിയായി സർക്കാർ കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ജലചോർച്ച, ജലമോഷണം എന്നിവ തടഞ്ഞ് ഉത്പാദിപ്പിക്കുന്ന ജലം മുഴുവൻ വിതരണത്തിന് ലഭ്യമാക്കാൻ ജല അതോറിറ്റി എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>കേന്ദ്ര സഹായത്തോടെയുള്ള വാട്ടർ അതോറിറ്റി പദ്ധതികൾ</u>

4140. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടത്തിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ പാലക്കാട് നിയോജക മണ്ഡലത്തിന് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രവൃത്തികളുടെ വിശദാംശങ്ങളും നിജസ്ഥിതിയും വ്യക്തമാക്കാമോ?

<u>ജലമോഷണവും ചോർച്ചയും തടയുന്നതിന് നടപടി</u>

4141. ശ്രീ.മുല്ലക്കര രത്നാകരൻ
,, ജി.എസ്.ജയലാൽ
,, മുഹമ്മദ് മുഹസിൻ പി.
,, ഇ.ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വിതരണത്തിന് ലഭ്യമാക്കുന്ന ജലത്തിന്റെ ഭൗതിക നഷ്ടം കുറയ്ക്കുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ആന്റ് സർവൈലൻസ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പൈപ്പുകളുടെ കാലപ്പഴക്കം മൂലമുള്ള ചോർച്ച ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) ജലമോഷണം തടയുന്നതിനായി വാട്ടർ അതോറിറ്റി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്നറിയിക്കുമോ;

(ഡി) വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>കായംകുളം മണ്ഡലത്തിലെ കാലഹരണപ്പെട്ട പൈപ്പുകൾ</u>

4142. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കാലഹരണപ്പെട്ട പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അരുവിക്കര ഡാമിന്റെ സംഭരണ ശേഷി

4143. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായുള്ള പദ്ധതി രേഖ തയ്യാറാക്കുവാൻ അതോറിറ്റി സ്വകാര്യ ഏജൻസികളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ;

(സി) അരുവിക്കര ഡാമിന്റെ സംഭരണ പ്രദേശത്ത് എത്ര മണ്ണ് അടിഞ്ഞ് കിടക്കുന്നുവെന്നാണ് വിലയിരുത്തുന്നത്;

(ഡി) ഇത് നീക്കം ചെയ്യുന്ന ജോലികൾ നടപ്പിലാക്കുമ്പോൾ നഗരത്തിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

അരുവിക്കരയിലെ ജലവിതരണ പ്ലാന്റുകൾ

4144. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കരയിലെ ജലവിതരണ പ്ലാന്റുകളിൽ നാല് ഘട്ടങ്ങളായി നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങളുടെ ഫലമായി അരുവിക്കര പ്ലാന്റിൽ നിന്നുള്ള ജലവിതരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത നവീകരണം പൂർത്തിയായ ശേഷം താഴ്ന്ന പ്രദേശങ്ങളിൽ കൂടുതൽ ജലം എത്തുമെങ്കിലും ഉയർന്ന പ്രദേശങ്ങളിൽ ഉദ്ദേശിച്ച ഫലം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതി

4145. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെയും പരിസര പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമത്തിന് പരിഹാരമായി ആലുവയിൽ പുതിയ ജലശുദ്ധീകരണ പ്ലാന്റും പമ്പ് ഹൗസും സ്ഥാപിക്കാൻ അനുവദിച്ച മുന്നൂറ് കോടി

രൂപയുടെ പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രദേശങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുക എന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രോജക്ടിന്റെ നടത്തിപ്പിനായി ആലുവ കേന്ദ്രമായി ഒരു പ്രോജക്ട് ഡിവിഷൻ രൂപീകരിക്കാനും വിവിധ ഡിപ്പാർട്ടുമെന്റുകളെ കോർത്തിണക്കി സി.എസ്.എം.എൽ. മോഡലിൽ ഒരു സ്ഥിര മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കാനും നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് 04.02.2020 ന് എം.എൽ.എ നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

പശ്ചിമ കൊച്ചിയിലെ ജലശോഷണം

4146. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ വരുന്ന ഡിവിഷനുകളിലെ ഭൂരിഭാഗം പൊതുടാപ്പുകളും ഇവയോട് ബന്ധപ്പെട്ട പൈപ്പുകളും ഗുണനിലവാരക്കുറവുകൊണ്ട് തകർന്നതുമൂലം നേരിടുന്ന ജലശോഷണം തടയാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ജലം സംരക്ഷിക്കുന്നതിനായി വർഷങ്ങൾക്ക് മുൻപ് ഉപയോഗിച്ചിരുന്ന മാതൃകയിലുള്ള പൊതുടാപ്പുകൾ പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

4147. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും നബാർഡ് ഫണ്ട് ഉപയോഗിച്ചും കല്ല്യാശ്ശേരി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും സ്ഥാപിച്ചിട്ടുളള പൈപ്പ് ലൈനുകളുടെ ദൈർഘ്യം അറിയിക്കാമോ;

(ബി) ഓരോ പഞ്ചായത്തിലും എത്ര രൂപ ഇതിനായി ചെലവഴിച്ചു; എത്ര ഉപഭോക്താക്കൾക്ക് ഓരോ പഞ്ചായത്തിലും ജലവിതരണം നടത്തിവരുന്നു; എല്ലാ പഞ്ചായത്തിലും പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വാമനപുരം ഗ്രാമീണ കുടിവെള്ള പദ്ധതി

4148. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ വാമനപുരം ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഊന്നൻപാറ ജംഗ്ഷൻ മുതൽ പേഴുംമൂട് സംപ് വരെയുള്ള 125 എം.എം. എ.സി. പൈപ്പ് മാറ്റി 150 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള 25 ലക്ഷം രൂപയുടെ സ്റ്റേറ്റ് പ്ലാൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പേഴുംമൂട് സംപ് മുതൽ പേഴുംമൂടിലെയും കാഞ്ഞിരംപാറയിലെയും ഉപരിതല സംഭരണികൾ വരെയുള്ള 125 എം.എം. എ.സി പൈപ്പ് മാറ്റി 150 എം.എം. ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന 98 ലക്ഷം രൂപയുടെ സ്റ്റേറ്റ് പ്ലാൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

<u>വിളപ്പിൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി</u>

4149. ശ്രീ.ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിപുലീകരണ വിതരണ പദ്ധതിയിൽ ഒരു അഡീഷണൽ ജലവിതരണ സംഭരണി കൂടി ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് നിവേദനം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

<u>കൊരട്ടി പഞ്ചായത്ത് കുടിവെള്ള പദ്ധതി</u>

4150. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും 20% തുക നീക്കിവച്ചതുമായ കൊരട്ടി പഞ്ചായത്ത് കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനായി കേരള വാട്ടർ അതോറിറ്റി മുഖേന സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനും ഫണ്ട് അനുവദിയ്ക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>അയിരൂർ കാഞ്ഞീറ്റുകര കുടിവെള്ള പദ്ധതി</u>

4151. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂർ കാഞ്ഞീറ്റുകര കുടിവെള്ള പദ്ധതിയ്ക്ക് എന്നാണ് ഭരണാനുമതി ലഭിച്ചത്; എത്ര രൂപയാണ് ഇതിന്റെ നിർമ്മാണത്തിനായി അനുവദിച്ചത്;

(ബി) ഇതിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ; എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത്; എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; ഇവയുടെ നിർമ്മാണത്തിൽ ഉണ്ടായ കാലതാമസത്തിന് കാരണം

വ്യക്തമാക്കാമോ;

(ഡി) നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; തടസ്സങ്ങൾ നീക്കി എന്നത്തേക്ക് പദ്ധതി കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കാമോ?

## പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതി

4152. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും പദ്ധതിക്ക് ആകെ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) അവശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും എന്നത്തേക്ക് ഇതിന്റെ ഉദ്ഘാടനം നിർവഹിക്കാനാകുമെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിക്ക് എന്തെങ്കിലും നിർമ്മാണ തടസ്സം നേരിടുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എന്താണ് തടസ്സമെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തിരുനാവായ കുടിവെള്ള പദ്ധതി

4153. **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മാറാക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 5.11.2019 ലെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തിരുനാവായ കുടിവെള്ള പദ്ധതിയെ ആശ്രയിച്ച് കഴിയുന്ന പഞ്ചായത്തിന് ഇരുപത്തിയഞ്ച് കിലോമീറ്ററോളം കുടിവെള്ള പൈപ്പ് ലൈൻ നീട്ടേണ്ടതു സംബന്ധിച്ച വിഷയത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) തനത് ഫണ്ട് ഉപയോഗിക്കുന്നതിന് പരിമിതിയുള്ള പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഈ വിഷയത്തിൽ കേരള വാട്ടർ അതോറിറ്റി , മലപ്പുറം ഇ.ഇ. എന്നിവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## കുട്ടനാട് മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

4154. **ശ്രീമതിഷാനിമോൾ ഉസ്മാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മണ്ഡലം നേരിടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) 2017-18 ലെ ബജറ്റിൽ കിഫ്ബി പദ്ധതികളിലൂടെ കുട്ടനാട്ടിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച കുടിവെള്ള പദ്ധതികൾ ഇനിയും പ്രാവർത്തികമാകാത്തത് ഏത് സാഹചര്യത്തിലാണ്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) കിഫ്ബി പദ്ധതികൾ എങ്ങുമെത്താതിരിക്കുന്ന സാഹചര്യത്തിൽ കുട്ടനാട് പാക്കേജിന്റെ ഭാഗമായി കുടിവെള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഇടക്കൊച്ചി കുടിവെള്ള പദ്ധതി</u>

4155. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 27.05.2019-ന് കരാർ ഉടമ്പടി വയ്ക്കുകയും 26.11.2019-ന് കരാർ കാലാവധി അവസാനിക്കുകയും ചെയ്ത ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ പതിനഞ്ച് ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി ആരംഭിക്കുന്നത് സംബന്ധിച്ച് കരാറുകാരന് നൽകിയിട്ടുള്ള കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) നിർമ്മാണ സാമഗ്രികളുടെ പരിശോധനയ്ക്കായി കൊച്ചിൻ യൂണിവേഴ്സിറ്റി ലാബിലേയ്ക്ക് അയച്ചത് എന്നാണ്; ഇതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>മാവേലിക്കര കന്നിമേൽ കോളനി കുടിവെള്ള പദ്ധതി</u>

4156. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തഴക്കര പഞ്ചായത്തിലെ കന്നിമേൽ കോളനി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പദ്ധതി അടിയന്തരമായി ആരംഭിക്കുമോ;

(സി) എങ്കിൽ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>കാസർഗോഡ് ജില്ലയിൽ പുതിയ കുടിവെള്ള പദ്ധതികൾ</u>

4157. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര പേർക്ക് കുടിവെള്ളമെത്തിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ പുതുതായി എത്ര കുടിവെള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

വെച്ചൂച്ചിറ പെരുന്തേനരുവി കുടിവെള്ള പദ്ധതി

4158. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെച്ചൂച്ചിറ പെരുന്തേനരുവി കുടിവെള്ള പദ്ധതിയിൽ നിന്നും ഇപ്പോൾ പമ്പിംഗ് നടക്കുന്നുണ്ടോ; ദിവസേന എത്ര ഷിഫ്റ്റ് പമ്പിംഗ് ആണ് ഇവിടെ നടക്കുന്നത്; പമ്പിംഗിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പമ്പിംഗിന് ആവശ്യത്തിന് വെള്ളം കിട്ടാത്ത സാഹചര്യത്തിൽ പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഡാമിൽ നിന്നും വെള്ളം ശേഖരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ മലയോര മേഖലയിലെ ജനങ്ങൾ നേരിടുന്ന കടുത്ത ജലക്ഷാമം പരിഗണിച്ച് ഇത്തരത്തിൽ പമ്പിംഗിന് ആവശ്യമായ വെള്ളം ഡാമിൽ നിന്നും ശേഖരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശംങ്ങൾ ലഭ്യമാക്കാമോ?

ചെങ്ങന്നൂർ മണ്ഡലത്തിലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതി

4159. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന സമ്പൂർണ്ണ കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ പുരോഗതി ഘട്ടം വിശദമാക്കാമോ;

(ബി) ഈ പദ്ധതി സമ്പൂർണ്ണമായി പൂർത്തിയാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള സമയക്രമം വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള വിതരണം

4160. ശ്രീ.വി.കെ.പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതി പ്രകാരം തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി ദീർഘകാല അടിസ്ഥാനത്തിലുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അമൃത് പദ്ധതി പ്രകാരം അരുവിക്കരയിൽ നിർമ്മിക്കുന്ന കുടിവെള്ള ശുദ്ധീകരണ പ്ലാന്റ് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) വട്ടിയൂർക്കാവ് മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ചെറുകിട/സൂക്ഷ്മതല കുടിവെള്ള പ്ലാന്റുകൾക്കുള്ള സാധ്യത പരിശോധിക്കുന്നുണ്ടോ എന്നറിയിക്കാമോ?

തൃക്കരിപ്പൂർ സമഗ്ര കുടിവെള്ള പദ്ധതി

4161. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തും പരിസര വില്ലേജുകളും ഉൾപ്പെടുന്ന ഒരു സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നും ഇതിന്റെ അടങ്കൽ എത്രയെന്നും വ്യക്തമാക്കാമോ?

ചുനക്കര സി.എച്ച്.സി.ക്ക് സ്ഥലം കൈമാറുന്നതിന് നടപടി

4162. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ചുനക്കര സാമൂഹികാരോഗ്യ കേന്ദ്രത്തോട് ചേർന്ന് ഉപയോഗയോഗ്യമല്ലാത്തതും അതീവ ശോചനീയാവസ്ഥയിലുള്ളതുമായ വാട്ടർടാങ്ക് നിലകൊള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വാട്ടർടാങ്ക് നില്ക്കുന്ന സ്ഥലം മുൻപ് സി.എച്ച്.സി.യുടേത് ആയിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വാട്ടർടാങ്ക് പൊളിച്ച് നീക്കുന്നതിനും ഈ സ്ഥലം സി.എച്ച്.സി.ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തിരികെ നൽകുന്നതിനും വേണ്ടി സ്ഥലം എം.എൽ.എ.യും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തും നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത ഫയൽ അനുസരിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും കേരള വാട്ടർ അതോറിറ്റിയുടെ ആലപ്പുഴ ഡിവിഷനും പ്രോജക്ട് ഡിവിഷനും നാളിതുവരെയും ആയത് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സി.എച്ച്.സി.ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഈ സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കുമോ?

ആലത്തൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

4163. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ 01.07.2016 മുതൽ 31.01.2020 വരെ ജലവിഭവ വകുപ്പിൽ നിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷംതിരിച്ച് നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വാമനപുരം മണ്ഡലത്തിലെ എ.സി. പൈപ്പുകൾ മാറ്റുന്നതിന് പദ്ധതികൾ

4164. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലപരിധിയിൽ വരുന്ന ഒൻപത് ഗ്രാമപഞ്ചായത്തുകളിൽ പഴക്കം ചെന്ന എ.സി. പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് കിഫ്ബി സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ചവ ഏതൊക്കെ;

(സി) ടി പദ്ധതികളുടെ നിലവിലെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ചവയിൽ ഏതെങ്കിലും പദ്ധതികളിൽ ഭരണാനുമതി പുതുക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

4165. ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ വൊർക്കാടി ഗ്രാമപഞ്ചായത്തിലെ നാല് വില്ലേജുകളിലേയ്ക്കും മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ രണ്ട് വില്ലേജുകളിലേയ്ക്കും എൽ.ഐ.സി. സഹായത്തോടെ പൂർത്തിയാക്കി 2011ൽ ഉദ്ഘാടനം നിർവ്വഹിച്ച കുടിവെള്ള പദ്ധതിക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വില്ലേജുകളിൽ എത്ര പേർക്ക് ഈ പദ്ധതിയിലൂടെ കുടിവെള്ളം നൽകാനായി എന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി ജനങ്ങൾക്ക് പ്രയോജനകരമായി നടപ്പിലാക്കിയില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന തരത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

നെടുമങ്ങാട് മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

4166. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

'പഠനത്തോടൊപ്പം തൊഴിൽ' പദ്ധതി

4167. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഠനത്തോടൊപ്പം തൊഴിൽ പദ്ധതിയുടെ ഭാഗമായി പതിനെട്ട് വയസ്സിനും ഇരുപത്തി അഞ്ച് വയസ്സിനും ഇടയിലുള്ള യുവാക്കൾക്ക് തൊണ്ണൂറ് ദിവസമെങ്കിലും തൊഴിൽ നൽകുന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>തൊഴിൽ വകുപ്പിന്റെ വിഭജനം</u>

4168. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനെ തൊഴിൽ വകുപ്പ്, പ്ലാന്റേഷൻ ഡയറക്ടറേറ്റ്, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ആൻഡ് ലേബർ കോർട്ട് എന്നിങ്ങനെ മൂന്നായി വിഭജിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പുതുതായി വരുന്ന ഓരോ സ്ഥാപനത്തിന്റെയും പരിധിയിൽപ്പെട്ട ചുമതലകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; വിഭജനം എന്നത്തേക്ക് പൂർണമായി നിലവിൽ വരുമെന്ന് വെളിപ്പെടുത്താമോ?

<u>സ്വകാര്യ മേഖലയിലെ പണമിടപാട് സ്ഥാപനങ്ങളിലെ തൊഴിൽ ചൂഷണം</u>

4169. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മതിയായ വേതനമോ തൊഴിൽ സുരക്ഷയോ ലഭ്യമാവുന്നില്ല എന്ന പരാതി സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന പരിഹാര നടപടികൾ വിശദമാക്കാമോ;

(സി) ഇത്തരം ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിന് ഏതൊക്കെ നിയമങ്ങളാണ് നിലവിലുള്ളത്; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കാർഷിക കർമ്മസേന കൃഷി ടെക്നീഷ്യന്മാർക്ക് ഇ.പി.എഫ്. പരിരക്ഷ</u>

4170. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്ഥാപനത്തിൽ ഇരുപത്തിയഞ്ച് തൊഴിലാളികൾ ഉണ്ടെങ്കിൽ അവർക്ക് ഇ.പി.എഫ്. പരിരക്ഷ കൊടുക്കണമെന്ന് നിബന്ധനയുണ്ടോ;

(ബി) കൃഷി ഭവന്റെ കീഴിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മസേന കൃഷി ടെക്നീഷ്യന്മാർക്ക് ഇ.പി.എഫ്. ബാധകമാക്കാത്തത് എന്തു കൊണ്ടാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ഇരുപത്തിയഞ്ച് തൊഴിലാളികൾ ജോലി ചെയ്യുന്നതിനാൽ ഇവർക്ക് ഇ.പി.എഫ്. പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## തൊഴിലാളികളുടെ അവകാശ സംരക്ഷണം

4171. **ശ്രീ.സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് സർക്കാർ പുറപ്പെടുവിച്ച മിനിമം വേതനം, വിശ്രമ സമയം ഉറപ്പ വരുത്തുക എന്നീ നിയമങ്ങൾ എല്ലാ സ്വകാര്യ സ്ഥാപനങ്ങളും നടപ്പിലാക്കുന്നുണ്ടോ എന്ന് വകുപ്പ് തലത്തിൽ ഉറപ്പുവരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

4172. **ശ്രീ.സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തനം കാര്യക്ഷമമല്ലായെന്നത് വസ്തുതയല്ലേ ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ അവയെ സംയോജിപ്പിച്ച് എണ്ണം ചുരുക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(സി) ഏതൊക്കെ ബോർഡുകളാണ് ഇപ്രകാരം സംയോജിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ആയത് എന്നത്തേക്ക് പ്രാവർത്തികമാക്കുമെന്ന് അറിയിക്കുമോ?

## നഴ്സുമാരുടെ മിനിമം വേതനം

4173. **ശ്രീ.കെ.സി.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർ ഉൾപ്പെടെയുള്ളവർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടെങ്കിലും പല ആശുപത്രികളിലും അത് നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനിമം വേതനം നൽകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ സ്വകാര്യ ആശുപത്രികളിൽ പരിശോധന നടത്താറുണ്ടോ; ഉണ്ടെങ്കിൽ 2019-ൽ എത്ര ആശുപത്രികൾക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

## സ്ത്രീ തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യം

4174. **ശ്രീ.വി. കെ. സി. മമ്മത് കോയ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വാണിജ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഭൂരിപക്ഷം സ്ത്രീ തൊഴിലാളികൾക്ക് ഇരിപ്പിട സൗകര്യം ലഭ്യമാക്കാൻ നിയമ നിർമ്മാണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമത്തിന്റെ ഭാഗമായി തൊഴിലുടമകൾ തൊഴിലാളികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു പ്രകാരമാണ് ഇത് പരിശോധിക്കുന്നത്;

(സി) ഇതുമായി ബന്ധപ്പെട്ട പരാതി സ്വീകരിക്കാൻ ഇപ്പോഴുള്ള അധികാര കേന്ദ്രം ഏതാണെന്ന് വ്യക്തമാക്കാമോ ?

<u>സർക്കാർ ഉത്തരവ് ലംഘിച്ച കോൺട്രാക്ടർമാർക്കെതിരെ നടപടി</u>

4175. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത വേനലിൽ തുറന്ന സ്ഥലത്ത് തൊഴിലാളികളെ പണിയെടുപ്പിക്കുന്നത് തടയുവാനും തൊഴിലാളികളുടെ ജീവന് സംരക്ഷണം ഉറപ്പാക്കാനും സർക്കാർ നടപടികൾ സ്വീകരിച്ചുവെങ്കിലും നിലവിൽ ആ ഉത്തരവ് പാലിക്കാതെ സംസ്ഥാന/ഇതര സംസ്ഥാന തൊഴിലാളികളെ കൊണ്ട് പണിയെടുപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇത്തരത്തിൽ സർക്കാർ ഉത്തരവ് ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കോൺട്രാക്ടർമാർ ഉൾപ്പെടെ എത്ര പേരെ കണ്ടെത്തി; എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

<u>പൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ</u>

4176. ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിലെ പൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭ്യമാക്കി നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ നടത്തിവരുന്ന നടപടികളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള നിയമവിരുദ്ധമായ ഇടപെടലുകൾ പ്രസ്തുത തോട്ടം മാനേജ്മെന്റുകൾ നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം നടപടികളുടെ ഭാഗമായി തൊഴിലാളികൾ വഞ്ചിക്കപ്പെടുവാനുള്ള സാഹചര്യം ഒഴിവാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>പകർച്ചവ്യാധികൾ തടയുന്നതിനായി തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടി</u>

4177. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ പടരുന്ന സാഹചര്യത്തിൽ വിവിധ സംസ്ഥാനങ്ങളിലും ലോകത്തിന്റെ പല ഭാഗങ്ങളിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധാരാളം ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സംസ്ഥാനമെന്ന നിലയിൽ ഈ കാര്യത്തിൽ തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതരസംസ്ഥാന തൊഴിലാളികൾ നിരന്തരം വന്നും പോയും കൊണ്ടിരിക്കുന്ന സംസ്ഥാനമെന്ന നിലയിൽ റെയിൽവേ സ്റ്റേഷനുകളിലും വിമാനത്താവളങ്ങളിലും ഇത് സംബന്ധിച്ച് പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഇ.എസ്.ഐ ആശുപത്രികളിലെ ചികിത്സ</u>

4178. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ ഏതെല്ലാം സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കാണ് ചികിത്സ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇ.എസ്.ഐ.യുടെ പരിധിയിൽ വരാത്ത ജീവനക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാൻ വ്യവസ്ഥയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>തോട്ടട ഇ.എസ്.ഐ. ആശുപത്രി</u>

4179. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>വികലാംഗ സർട്ടിഫിക്കറ്റിന്റെ അർഹതയെ സംബന്ധിച്ച പരാതി</u>

4180. ശ്രീ.എം. വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. വകുപ്പിൽ കോവളം ഡിസ്പെൻസറിയിൽ ജോലി നോക്കുന്ന ജെ.അജയകുമാറിനെ സംബന്ധിച്ച് കലേഷ് കെ, കാഞ്ഞിരംകുളം, തിരുവനന്തപുരത്തിന്റെ F2/164/2017/LBRD നമ്പർ ആയി തൊഴിൽ വകുപ്പിൽ ഉള്ള ഫയലിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ജെ.അജയകുമാറിന് ലഭിച്ച വികലാംഗ സർട്ടിഫിക്കറ്റിന്റെ അർഹതയെ സംബന്ധിച്ച പരാതി പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി തിരുവനന്തപുരം നെയ്യാറ്റിൻകര വികലാംഗ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഇന്റർവ്യൂവിനായി കാർഡ് അയച്ചത് സംബന്ധിച്ച പ്രസ്തുത പരാതി പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം

നൽകാമോ;

(ഡി) മൂന്ന് വർഷമായി കോവളം ഡിസ്പെൻസറിയിൽ ജോലി ചെയ്യുന്ന പ്രസ്തുത വ്യക്തിയുടെ പോലീസ് വെരിഫിക്കേഷൻ കഴിഞ്ഞിട്ടുണ്ടോ; ആറോളം കേസിൽ പ്രതിയായ പ്രസ്തുത വ്യക്തി ഇപ്പോഴും ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിനായി പ്രസ്തുത വ്യക്തി നൽകിയ അപേക്ഷ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് പരിഗണിക്കാതെ തന്നെ മേൽ ഉദ്യോഗസ്ഥൻ ശിപാർശ ചെയ്ത നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ എന്ത് ശിക്ഷണ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

തോട്ടം തൊഴിൽ മേഖലയിലെ വേതന കുടിശ്ശിക

4181. ശ്രീ.രാജു എബ്രഹാം

,, എസ്.രാജേന്ദ്രൻ

,, കെ.ഡി. പ്രസേനൻ

,, കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടം തൊഴിൽ മേഖലയിൽ വേതനം പുതുക്കേണ്ട കാലാവധി കഴിഞ്ഞിട്ടും മുൻപ് പുതുക്കിയ വേതനത്തിന്റെ കുടിശ്ശിക കമ്പനികൾ ഇതുവരെ പൂർണ്ണമായി നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്ന പരിഹാരത്തിനായി ഇടപെടാൻ സാധിക്കുമോ ; വിശദമാക്കുമോ?

തൊഴിൽ മേഖലകളിലെ മിനിമം കൂലി

4182. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ ഏതൊക്കെ തൊഴിൽ മേഖലകളിലാണ് മിനിമം കൂലി ഏർപ്പെടുത്തിയത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത നിയമങ്ങൾ പ്രകാരമുള്ള മിനിമം വേതനം തൊഴിലാളിയ്ക്ക് ലഭ്യമാക്കാൻ ആവശ്യമായ പരിശോധന നടത്തുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലവിലുണ്ടോ എന്ന് അറിയിക്കുമോ?

സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മിനിമം വേതനം

4183. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർക്കാർ അംഗീകരിച്ച മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ ചെയ്തു വരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ബി) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേതനം അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട്

നൽകുന്ന സമ്പ്രദായം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതന സുരക്ഷ ഉറപ്പുവരുത്തുന്നതിന് വേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(ഡി) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഏർപ്പെടുത്തിയ ഇൻഷ്വറൻസിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനം</u>

4184. ശ്രീ.എൻ. ഷംസുദ്ദീൻ

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനവും മെച്ചപ്പെട്ട സാഹചര്യവും ലഭ്യമാക്കുവാൻ തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഗാർഹിക ജീവനക്കാരെ സപ്ലൈ ചെയ്യുന്ന ഏജൻസികൾ ഇവരെ ചൂഷണത്തിന് ഇരയാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഏജൻസികളെ നിയന്ത്രിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>സെസ് ഇളവ് അനുവദിക്കുന്നതിനുള്ള നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി</u>

4185. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് സെസ് ഇളവ് അനുവദിക്കുന്നതിനായി നൽകിയ 3978117/2019/MIN (LBRD) എന്ന സൂചന നമ്പറിൽ രജിസ്റ്റർ ചെയ്ത നിവേദനത്തിൻമേൽ എടുത്ത നടപടി എന്തെന്ന് അറിയിക്കാമോ;

(ബി) അപ്രതീക്ഷിതമായി വരുന്ന പ്രകൃതി ദുരന്തങ്ങൾ കാരണം ഉണ്ടാവുന്ന ഇത്തരം വിഷയങ്ങളിൽ മാനുഷിക പരിഗണന നൽകി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>തോട്ടം മേഖലയുടെ പുരോഗതിയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ</u>

4186. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, പി.ടി. തോമസ്

,, കെ.സി.ജോസഫ്

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലക്കായി പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാത്തതു മൂലം അവിടെ പണിയെടുത്തിരുന്ന

നൂറുകണക്കിന് തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലായ സാഹചര്യത്തിൽ അവർക്കായി എന്തൊക്കെ സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തോട്ടം മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി ഉണ്ടാക്കിയ പ്ലാന്റേഷൻ നയത്തിന്റെ കരട് പ്രസ്തുത മേഖലയിലെ ഏതൊക്കെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നാണ് കരുതുന്നത്;

(ഡി) തോട്ടം മേഖലയിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ;

(ഇ) തോട്ടം മേഖലയിൽ വിനോദ സഞ്ചാര സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുകയെന്ന ലക്ഷ്യം</u>

4187. ശ്രീ.റ്റി.വി.രാജേഷ്

,, സജി ചെറിയാൻ

,, വി.കെ.പ്രശാന്ത്

,, യു. ആർ. പ്രദീപ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവത്കൃത തൊഴിൽ കമ്പോളത്തിന്റെ ആവശ്യകതക്കനുസരിച്ചുള്ള വൈദഗ്ധ്യ വികസനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഐ.ടി.ഐ.കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനും തൊഴിൽ സാധ്യതയില്ലാത്തവ അവസാനിപ്പിക്കുന്നതിനും ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ;

(ബി) ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുകയെന്ന ലക്ഷ്യത്തോടെ അടിസ്ഥാന സൗകര്യവും പരിശീലന നിലവാരവും ഉയർത്താൻ നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) നൈപുണിശേഷി ആർജ്ജിക്കാനുള്ള അവസരം വിപുലീകരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പുതിയ ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണം</u>

4188. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഡിസൈൻ പൂർത്തീകരിച്ച് ഉടൻ സാങ്കേതിക അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>മണലൂർ ഐ.ടി.ഐ.യുടെ വികസന പ്രവർത്തനങ്ങൾ</u>

4189. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ ഐ.ടി.ഐ.യുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആദ്യഘട്ടത്തിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഏത് ഫണ്ട് പ്രയോജനപ്പെടുത്തിയാണ് ഈ പ്രവർത്തനം നടത്തിയത് എന്ന് അറിയിക്കാമോ;

(ബി) രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) രണ്ടംഘട്ട പ്രവർത്തന പുരോഗതി എന്താണെന്നും അതിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കയാണെന്നും വ്യക്തമാക്കാമോ;

(ഡി) പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെട്ട സാഹചര്യത്തിൽ പുതിയ ട്രേഡുകൾ ആരംഭിക്കാൻ നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>നിലമ്പൂർ സർക്കാർ ഐ.ടി.ഐ.യിലെ ഹോസ്റ്റലുകളുടെ പ്രവർത്തനം</u>

4190. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സർക്കാർ ഐ.ടി.ഐയിൽ പുതുതായി നിർമ്മിച്ച ഗേൾസ് ഹോസ്റ്റലിൽ ഫീമെയിൽ വാർഡൻ, കുക്ക് എന്നിവർ ഇല്ലാത്തതിനാൽ ഹോസ്റ്റൽ പ്രവർത്തനരഹിതമാണെന്നതും പെൺകുട്ടികൾ ഇത് മൂലം ബുദ്ധിമുട്ടുന്നു എന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോയ്സ് ഹോസ്റ്റലിന്റെയും ഗേൾസ് ഹോസ്റ്റലിന്റെയും നടത്തിപ്പിന് ഏതൊക്കെ സ്റ്റാഫുകളാണ് ആവശ്യമെന്ന് അറിയിക്കാമോ; ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്നറിയിക്കാമോ;

(സി) ഹോസ്റ്റലുകൾ വൃത്തിയാക്കുന്നതിനും മറ്റുമായി കുടുംബശ്രീയിൽ നിന്നോ പാർട്ട് ടൈം തസ്തികയിലോ ആളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ;

(ഡി) ഹോസ്റ്റലുകളിൽ താമസിക്കുന്ന ആൺകുട്ടികൾക്ക് രാവിലെയും രാത്രിയും ഭക്ഷണം നൽകുന്നതിന് എന്ത് ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; പാചകക്കാരെയും സഹായികളെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർ</u>

4191. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകൾ വഴി എത്ര പേർക്ക് ഏതൊക്കെ വകുപ്പുകളിൽ നിയമനം നൽകിയെന്ന് വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നുണ്ടെന്ന്

വ്യക്തമാക്കാമോ;

(ഡി) തൊഴിൽരഹിത വേതനത്തിന് അർഹരായവരുടെ കണക്ക് ജില്ല തിരിച്ച് നൽകാമോ;

(ഇ) ഓരോ ജില്ലയിലും പേര് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീകളുടേയും പുരുഷന്മാരുടേയും എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

4192. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര പേർക്ക് ഏതെല്ലാം തസ്തികകളിൽ നിയമനം നൽകി; വർഷം, തസ്തിക എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ നിയമനം ലഭിച്ചവരിൽ എത്ര പേരെ ഏതെല്ലാം തസ്തികകളിൽ സ്ഥിരപ്പെടുത്തി എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ മേഖലകളിൽ സംഘടിപ്പിച്ച തൊഴിൽ മേളകളിലൂടെ എത്രപേർക്ക് ജോലി ലഭിച്ചു എന്ന് വ്യക്തമാക്കാമോ; വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

വൈക്കം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിൽ കരിയർ ഗൈഡൻസ് സെന്റർ

4193. ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിൽ കരിയർ ഗൈഡൻസ് സെന്റർ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കരിയർ ഗൈഡൻസ് സെന്റർ തുടങ്ങുന്നതിനായി തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് തൊഴിൽ വകുപ്പിന് സ്ഥലം കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ?

വാമനപുരം മണ്ഡലത്തിലെ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്റർ

4194. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് ആസ്ഥാനമാക്കി ആരംഭിച്ച ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) ഏത് ഏജൻസിയെയാണ് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളതെന്ന്

വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി എപ്പോൾ തുറന്നു പ്രവർത്തിപ്പിക്കാനാകുമെന്ന് അറിയിക്കാമോ?

<u>തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കാൻ പദ്ധതി</u>

4195. ശ്രീ.എസ്.ശർമ്മ

,, റ്റി.വി.രാജേഷ്

,, വി. ജോയി

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി നടപ്പാക്കിയിട്ടുള്ള കൈവല്യ പദ്ധതിയിൽ ഇവരുടെ തൊഴിൽ ലഭ്യതയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വനിതകൾക്ക് മുൻഗണന നൽകിക്കൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഒ.ഡി.ഇ.പി.സി.യുടെ പ്രവർത്തനം ശക്തീകരിക്കാൻ നടപടി</u>

4196. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഡി.ഇ.പി.സി. വഴി കേരളത്തിൽ നിന്നും ഓരോ വർഷവും ശരാശരി എത്ര ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ഒ.ഡി.ഇ.പി.സി.യുടെ പ്രവർത്തനം ശക്തീകരിക്കാൻ സംസ്ഥാന തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം</u>

4197. ശ്രീ.ജോൺ ഫെർണാണ്ടസ്

,, പി.ടി.എ. റഹീം

,, ഐ.ബി. സതീഷ്

,, കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഈ സർക്കാർ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ഗ്രാമീണ മേഖലയിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നതവിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കാൻ സഹായിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഇത്തരം സെന്ററുകളിൽ ഒരുക്കിയിട്ടുള്ളത്;

(ഡി) ആധുനിക സാങ്കേതിക വിദ്യയുടെ എന്തെല്ലാം സാധ്യതകളാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

<u>ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണോദ്ഘാടനം</u>

4198. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയ്ക്ക് സർക്കാർ അംഗീകാരം നൽകിയ ശേഷം പ്രസ്തുത വിഷയത്തിൽ ഉണ്ടായിട്ടുള്ള നടപടികളിലെ പുരോഗതി അറിയിക്കാമോ;

(ബി) നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണോദ്ഘാടനത്തിന് മുൻപായി ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട് എന്ന് വിശദമാക്കാമോ;

(സി) നടപടികൾ പൂർത്തിയാക്കി ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണോദ്ഘാടനം എന്ന് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>വിദ്യാർത്ഥികളെ കാരിയർമാരാക്കിയുള്ള ലഹരി കടത്ത്</u>

4199. **ശ്രീ.പി.ഉബൈദുള്ള**
**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ.പാറക്കൽ അബ്ദുല്ല**
**,, അബ്ദുൽ ഹമീദ് പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ, വിദ്യാർത്ഥികളെ കാരിയർമാരാക്കി കേരളത്തിലേക്ക് കടത്താൻ ലഹരി മാഫിയകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൺകുട്ടികളെപോലും ഇത്തരം സംഘങ്ങൾ കാരിയർമാരാക്കുന്നുവെന്ന വസ്തുത വകുപ്പ് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ ഇത്തരം മാഫിയകളുടെ പ്രവർത്തനം ശക്തിയായി നേരിടുന്നതിൽ എൻഫോഴ്സ്മെന്റ് വിഭാഗം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>മദ്യ ഉല്പാദക യൂണിറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതതല സമിതി റിപ്പോർട്ട്</u>

4200. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, പി.ടി. തോമസ്

,, കെ.എസ്.ശബരീനാഥൻ

,, റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ ആവശ്യകത ഇല്ലാതാക്കി ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിന് ഈ സർക്കാർ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനായി പുതിയ വിദേശ മദ്യ ചില്ലറ വില്പനശാലകൾ ആരംഭിക്കേണ്ടയെന്ന തീരുമാനം എടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത തീരുമാനം നിലനിൽക്കെ തന്നെ സംസ്ഥാനത്ത് യാതൊരു നിയന്ത്രണവുമില്ലാതെ എഫ്.എൽ-3 ബാറുകൾക്ക് ലൈസൻസ് നൽകുന്നതിലൂടെ എപ്രകാരമാണ് ഉപഭോഗം കുറച്ചുകൊണ്ടുവരുവാൻ സാധിക്കുകയെന്ന് അറിയിക്കാമോ;

(ഡി) മദ്യ ഉല്പാദക യൂണിറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനും കാലാനുസൃതമായ മാനദണ്ഡങ്ങൾ ശിപാർശ ചെയ്യുന്നതിനുമായി രൂപീകരിച്ച ഉന്നതതല സമിതി അതിന്റെ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത സമിതിയുടെ ശിപാർശകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

## <u>ടോഡി ബോർഡിന്റെ രൂപീകരണം</u>

4201. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് ചെത്ത് വ്യവസായം പുനസംഘടിപ്പിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ട് 2017-18 ലെ അബ്കാരി നയത്തിൽ ടോഡി ബോർഡ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) പ്രസ്തുത ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് അത് പ്രാവർത്തികമാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടോഡി ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ഡി) കള്ളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് എന്തെങ്കിലും പദ്ധതി ആവിഷകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) 2020-21 ലെ മദ്യനയത്തിൽ കള്ള്ഷോപ്പുകളെ സംബന്ധിച്ച് എന്തൊക്കെ പുതിയ മാറ്റങ്ങളാണ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## <u>പബ്ബുകൾ</u>

4202. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പബ്ബുകൾ ആരംഭിക്കണമെന്ന നിർദ്ദേശം ഐ.റ്റി./വിനോദസഞ്ചാര മേഖലകളിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച സർക്കാർ നിലപാട് അറിയിക്കുമോ; പബ്ബുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ബിവറേജസ് കോർപ്പറേഷൻ

4203. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള ഔട്ട്ലെറ്റുകളിൽ എത്ര പ്രീമിയം കൗണ്ടറുകളാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പ്രീമിയം കൗണ്ടറിലൂടെ മാത്രം 2019-ൽ എത്ര കോടി രൂപയുടെ മദ്യ വില്പനയാണ് നടന്നത്; അതിലൂടെ ഉണ്ടായ ലാഭം എത്രയാണ്; അറിയിക്കുമോ?

ബിയർ/വൈൻ പാർലർ

4204. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ബിയർ/വൈൻ പാർലർ ഉൾപ്പെടെ എത്ര ലൈസൻസികൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ?

മദ്യവർജനവുമായി ബന്ധപ്പെട്ട് എ.പി.ഉദയഭാനു കമ്മീഷന്റെ നിർദ്ദേശങ്ങൾ

4205. ശ്രീ.കെ. ദാസൻ

,, സി.കൃഷ്ണൻ

,, സജി ചെറിയാൻ

,, കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ഉദയഭാനു കമ്മീഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണോ സംസ്ഥാനത്ത് മദ്യവർജനവുമായി ബന്ധപ്പെട്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നത്;

(ബി) പ്രസ്തുത കമ്മീഷനിലെ എന്തെല്ലാം നിർദ്ദേശങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പരമ്പരാഗത കള്ളുവ്യവസായത്തെ സംരക്ഷിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനും യുവജനങ്ങളെ പ്രസ്തുത തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ;

(ഡി) നിലവിൽ കള്ള് വ്യവസായ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്

എന്ന് വെളിപ്പെടുത്തുമോ?

<u>എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ആധുനികവത്കരണം</u>

4206. ശ്രീ.ജെയിംസ് മാത്യു

,, വി. കെ. സി. മമ്മത് കോയ

,, ആർ. രാജേഷ്

,, എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം ആധുനികവത്ക്കരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിരോധിക്കപ്പെട്ടതും നിയമവിരുദ്ധവുമായ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്കുപോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ടോ;

(സി) മയക്കുമരുന്നുകളുടെ ഉപഭോഗവും വിതരണവും തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തെ ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായും ചേർന്ന് നടത്തുന്ന സംയുക്ത പരിശോധന കൂടുതൽ ഊർജ്ജിതമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>മദ്യ വർജ്ജനം</u>

4207. പ്രൊഫ.കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വർജ്ജനം പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) അതിവിപുലമായ ജനകീയ ബോധവൽക്കരണ പരിപാടികൾ മദ്യവർജ്ജനവുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

<u>യോദ്ധാവ് ആപ്ലിക്കേഷന്റെ പ്രവർത്തനങ്ങൾ</u>

4208. ശ്രീ.പി.ഉബൈദുള്ള

,, പി.കെ.ബഷീർ

,, ടി.എ.അഹമ്മദ് കബീർ

ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നിനെതിരെ പോലീസ് തയ്യാറാക്കിയ യോദ്ധാവ് ആപ്ലിക്കേഷന്റെ പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) മയക്കുമരുന്നിന്റെ ഉപയോഗവും വ്യാപനവും തടയുന്നതിന് ഈ സംവിധാനം പ്രയോജനപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ആപ്പിലൂടെ ലഭിക്കുന്ന വിവരങ്ങൾ കൃത്യമായും രഹസ്യമായും കൈകാര്യം ചെയ്യാൻ എക്സൈസ് വകുപ്പ് ജാഗ്രത പുലർത്തുന്നുണ്ടോ; കൃത്യമായി സന്ദേശങ്ങൾ കൈമാറുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

<u>കാമ്പസുകൾ ലഹരിവിമുക്തമാക്കാൻ പദ്ധതികൾ</u>

4209. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കോളേജ് കാമ്പസുകൾ ലഹരിവിമുക്തമാക്കാൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാം; ഈ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ കണ്ടെത്തുന്ന വിദ്യാർത്ഥികളെ പുനരധിവസിപ്പിക്കുന്നതിനും തുടർവിദ്യാഭ്യാസം നൽകുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാക?

<u>ലഹരിക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ</u>

4210. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ മദ്യ - മയക്കുമരുന്ന് വ്യാപനം തടയാൻ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഗുളികകൾ വ്യാപകമാവുന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ എക്സൈസ് വകുപ്പിന് സംവിധാനമുണ്ടോ; വിദ്യാർത്ഥി സംഘടനകളെ ഇക്കാര്യത്തിൽ സഹകരിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>വിമുക്തി പദ്ധതി</u>

4211. ശ്രീ.വി. കെ. സി. മമ്മത് കോയ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന 'വിമുക്തി' പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) വിമുക്തി പദ്ധതിയുടെ ഭാഗമായ ഡി അഡിക്ഷൻ സെന്ററുകൾ എല്ലാ ജില്ലയിലും സ്ഥാപിച്ചിട്ടുണ്ടോ; ഇതിന്റെ വിവരങ്ങൾ നൽകാമോ;

(സി) ഈ സെന്ററുകളുടെ പ്രവർത്തനം ഏതൊക്കെ വിധത്തിലാണ് നടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഡി അഡിക്ഷൻ സെന്റർ കോഴിക്കോട് കിനാലൂരിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ

അതിന്റെ പ്രവർത്തനം ഏത് വിധത്തിലായിരിക്കും; എന്തൊക്കെ പ്രത്യേകതയാണ് അതിനുള്ളത്; വ്യക്തമാക്കാമോ?

കിനാലൂരിൽ വിമുക്തി-ഡി അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി

4212. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി ഉപയോഗം തടയുന്നതിനും ലഹരിക്ക് അടിമയായവർക്ക് മാനസികവും ശാരീരികവുമായ രീതിയിൽ ചികിത്സ ലഭ്യമാക്കുന്നതിനുമായി കോഴിക്കോട് കിനാലൂരിൽ വിമുക്തി-ഡി അഡിക്ഷൻ സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കിനാലൂരിൽ ആരംഭിക്കാനുദ്ദേശിച്ചിരുന്ന ഡി-അഡിക്ഷൻ സെന്ററിന് ആവശ്യമായ ഭൂമി കെ.എസ്.ഐ.ഡി.സി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ നിയമനം

4213. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ ഏതെങ്കിലും തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ബിവറേജസ് കോർപ്പറേഷനിൽ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ബിവറേജസ് കോർപ്പറേഷനിൽ എൽ.ഡി.ക്ലർക്ക് തസ്തികയിലെ നിലവിലെ ഒഴിവുകളിൽ ഏതെങ്കിലും ഒഴിവുകൾ മറ്റേതെങ്കിലും വിഭാഗത്തിനായി മാറ്റി വച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കിൻഫ്രാ പാർക്കിൽ ബ്രൂവറി സ്ഥാപിക്കുവാൻ നൽകിയ അനുമതി

4214. ശ്രീ.വി.ഡി.സതീശൻ

,, വി.ടി.ബൽറാം

,, ഷാഫി പറമ്പിൽ

,, എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് എറണാകുളം കളമശ്ശേരിയിലുള്ള കിൻഫ്രാ പാർക്കിൽ ബ്രൂവറി സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നോ;

(ബി) എങ്കിൽ അനുമതി നൽകുന്നതിന് മുമ്പ് പ്രസ്തുത കമ്പനിയ്ക്ക് കിൻഫ്രാ പാർക്കിൽ സ്ഥലം അനുവദിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിരുന്നോ;

(സി) അതുസംബന്ധിച്ച് കിൻഫ്രയിൽ നിന്നും രേഖാമൂലം എന്തെങ്കിലും കത്ത് ലഭിച്ചിരുന്നോ; എങ്കിൽ കത്തിന്റെ ഉള്ളടക്കം സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

<u>വിദ്യാലയങ്ങളിൽ സെക്യൂരിറ്റി സ്റ്റാഫായി വിമുക്തഭടൻമാരെ നിയമിക്കുന്നതിനുള്ള നടപടി</u>

4215. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ മയക്കുമരുന്ന് വ്യാപനം തടയുക എന്ന ലക്ഷ്യം മുൻനിർത്തി വിമുക്തഭടൻമാരെ സെക്യൂരിറ്റി ജീവനക്കാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിമുക്തഭടൻമാരുടെ പ്രതിബദ്ധത കണ്ടുകൊണ്ടുതന്നെ ഇത്തരം ജീവനക്കാരെ എക്സൈസ് വകുപ്പിന്റെ ഒരു ബി. ടീമായി പ്രവർത്തിക്കുവാനുതകുന്ന വിധത്തിൽ വിദ്യാഭ്യാസ വകുപ്പും എക്സൈസ് വകുപ്പും തമ്മിലുള്ള ഏകോപനം ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം,
11-03-2020

എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി,

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.